# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ TVM/GP10/998/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/ TVM/GP10/998/2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-06-2022 | 15-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 15-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീദേവി. എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തനൂജ എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സ്വപ്ന. എസ്.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ജി.ശിവദാസൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 20-12-2020 |
| ലിസി.ജി.ജെ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ജയന്തി.എസ് | സെക്രട്ടറി | 01-04-2020 | 08-06-2020 |
| പ്രദീപ്.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 06-07-2020 |
| നൈസാം.എസ് | സെക്രട്ടറി | 07-07-2020 | 22-12-2020 |
| പ്രദീപ്.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-12-2020 | 19-02-2021 |
| നൈസാം.എസ് | സെക്രട്ടറി | 20-02-2021 | 09-03-2021 |
| പ്രദീപ്.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ദിലീപ് ചന്ദ്രൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| രമണി.ഡി | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| രമാദേവി.ആർ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ.പത്മകേസരി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കല്ലറ | 01-04-2020 | 31-03-2021 |
| റിയാസ്.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2020 | 31-03-2021 |
| ഷാനവാസ്.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I II | 01-04-2020 | 31-03-2021 |
| ഡോ.വിദ്യ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി | 01-04-2020 | 31-03-2021 |
| A.Rരമാകുമാരി | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD കല്ലറ | 01-04-2020 | 31-03-2021 |
| ആശ ബി നായർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സിമ്ന.ഉ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 06-03-2021 |
| ശ്രീകുമാർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-03-2021 | 31-03-2021 |
| പ്രദീപ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Swapna.S (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Swapna.S (Senior Grade Auditor, On 15-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Swapna.S (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-3 |
| 4 | പദ്ധതി രൂപീകരണം<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-4 |
| 5 | ക്ഷേമ പദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 316800 /-രൂപ<br>Written By: THANUJA M.N. (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-5-1 |
| 7 | ക്യാഷ് പരിശോധന<br>Written By: THANUJA M.N. (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-10 |
| 12 | ലേലം-അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-11 |
| 13 | വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-12 |
| 14 | വസ്തുനികുതി -അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-13 |
| 15 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ- ചട്ടങ്ങൾ പാലിച്ചിട്ടില്ല<br>Written By: THANUJA M.N. (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-14 |
| 16 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച<br>Written By: THANUJA M.N. (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-15 |

| | | |
|---|---|---|
| 17 | ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-16 |
| 18 | ലൈസൻസില്ലാതെ ഓഡിറ്റോറിയം /കല്ല്യാണമണ്ഡപങ്ങൾ പ്രവർത്തിക്കുന്നു<br>Written By: THANUJA M.N. (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-17 |
| 19 | ഇ-ടെണ്ടർ-ടെണ്ടർഫോറം വില ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-18 |
| 20 | ചെലവ് വൗച്ചർ പരിശോധനയിൽ കണ്ട അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-19 |
| 21 | ലോഗ് ബുക്ക്-സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിക്കുന്നില്ല<br>Written By: THANUJA M.N. (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-20 |
| 22 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: THANUJA M.N. (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-21 |
| 23 | പ്രവൃത്തികൾ പൂർത്തിയായ ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്ന<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-22 |
| 24 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-23 |
| 25 | ടെണ്ടർ കിഴിവ് നടത്തിയതിൽ പിഴവ്- 3,500/- രൂപയുടെ അധിക ചെലവ്.<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-24 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയരുടെ പേരിലുള്ള അക്കൌണ്ടിൽ 950853/- രൂപ നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-25 |
| 27 | സ്പിൽ ഓവർ പദ്ധതികൾ -തൻവർഷവും നടപ്പിലാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-26 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-2047532/-രൂപ തടസ്സം ചെയ്യുന്നു<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-27 |
| 29 | ഉണ്ണിമുക്ക് മേലെ വെള്ളംകുടി തീപ്പെട്ടി ഓഫീസ് റോഡ് -എം ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 482508/- രൂപ തടസ്സം ചെയ്യുന്നു<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-28 |
| 30 | കുറഞ്ഞ തുകയിലുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചു.<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-29 |
| 31 | സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-30 |
| 32 | ചിറക്കോണം ഇലങ്കം റോഡ് കോൺക്രീറ്റ് ,സ്ലാബിടൽ -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 15-06-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 28-06-2022) | |
| 33 | തുമ്പൂർമൂഴി എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്-വിവിധ പ്രോജക്ടുകളുടെ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചിരിക്കുന്നു.<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-32 |
| 34 | ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-33 |
| 35 | ഭരണസമിതി തീരുമാനങ്ങൾ-നടപ്പിലാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-34 |
| 36 | ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-35 |
| 37 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>Written By: Swapna.S (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-36 |
| 38 | മരുന്ന് വാങ്ങൽ- 33601/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Swapna.S (Senior Grade Auditor, On 15-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-37 |
| 39 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ<br>Written By: Swapna.S (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-38 |
| 40 | ക്ഷീരസമൃദ്ധി-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-39 |
| 41 | ദുരിതാശ്വാസ നിധി രൂപീകരണം-സർക്കാർനിർദ്ദേശം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 28-06-2022) | 1-40 |
| 42 | ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന – ലാബ് റിപ്പോർട്ട് ലഭ്യമല്ല<br>Written By: Swapna.S (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-41 |
| 43 | റോഡ് കണക്ടിവിറ്റി പ്ലാൻ, മാപ്പ് എന്നിവ പൂർണ്ണമല്ല<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-42 |
| 44 | ഐകെഎം വിഹിതം അടവാക്കിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - 1,00,900 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-43 |
| 45 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തൽ - അനുവദിച്ച 1,00,000 രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-44 |
| 46 | സെർവർ ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എഎംസി തുക പൂർണമായും സ്ഥാപനത്തിന് നൽകിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-45 |
| 47 | കേരള വാട്ടർ അതോറിറ്റിയുടെ ഡെപ്പോസിറ്റ് വർക്കുകളുടെ നടത്തിപ്പിൽ അപാകത – 9,80,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-46 |

| | | |
|---|---|---|
| 48 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക – അവ്യക്തത<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-47 |
| 49 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-48 |
| 50 | രണ്ട് കെട്ടിടങ്ങൾക്ക് ഒരേ കെട്ടിട നമ്പർ<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 1-49 |
| 51 | പിവിസി വാട്ടർ ടാങ്ക് വാങ്ങുന്നതിനുള്ള ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-50 |
| 52 | മുതുവിള ലൈബ്രറികളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ-അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-51 |
| 53 | പ്ലസ് വൺ തുല്യതാ പഠനം - പരീക്ഷയെഴുതിയതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-52 |
| 54 | വെറ്ററിനറി ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-53 |
| 55 | കറവപ്പശുക്കൾക്ക് തീറ്റ – അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-54 |
| 56 | എ.ബി.സി പ്രോഗ്രാമിന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 1,47,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-55 |
| 57 | ലക്ഷം വീട് പുനരുദ്ധാരണം -അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-56 |
| 58 | ലൈഫ് ഭവന നിർമ്മാണം-പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-57 |
| 59 | വിളക്ക യുടെ പ്രോജക്ട് നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-58 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi S (Senior Grade Auditor, On 16-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shalini V K (Senior Grade Auditor, On 15-06-2022)<br>Last Updated By: Biji T (Computer Assistant, On 29-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shalini V K (Senior Grade Auditor, On 16-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Shalini V K (Senior Grade Auditor, On 16-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

11.03.2020ലെ 1/1 നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 905192048/- രൂപയും ചെലവ് 892630000/- രൂപയും നീക്കിയിരിപ്പ് 12562048/- രൂപയുമാണ്.

ബജറ്റ്- അപാകതകൾ

1) ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

3)പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

5. 20-21ലെ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 4500000 | 3024626 |

| | | | | |
|---|---|---|---|---|
| 2 | 1102001 | തൊഴിൽ നികുതി | 2500000 | 394237 |
| 3 | 1103001 | പരസ്യ നികുതി | 50000 | - |

Ii) 20-21ലെ ബജറ്റിൽ വകയിരുത്താതെ / വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501041 | മൃഗസംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ | 200000 | 304500 |
| 2 | 2501046 | ക്ഷീരവികസനം-സംഭരണവും വിപണനവും | - | 11,15,616 |
| 3 | 2501062 | മത്സ്യ ബന്ധനം - അനുബന്ധ സൗകര്യങ്ങൾ | - | 10,70,906 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ധാരാളം ചെലവ് ചെയതിട്ടുള്ളതിനാൽ മേൽ പട്ടിക പൂർണ്ണമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22 ന് വരുംവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്ന വേളയിൽ ജാഗ്രത പുലർത്തുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.21 | 26.6.21 |

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. 2020-21 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 624680/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം, മേൽ തുക നീക്കിയിരിപ്പ് വന്നതിന്റെ കാരണം വ്യക്തമല്ല. മുൻവർഷം വിനിയോഗിച്ചിട്ടുള്ള തുകകൾ ഉറപ്പ് വരുത്തി ലയബിലിറ്റി ഹെഡ്ഡിൽ നിന്നും 2021-22 വർഷം 27814/- രൂപ ആയി മാറിയിട്ടുണ്ടെന്നും മറ്റ് ഫണ്ടുകളും ഉറപ്പ് വരുത്തി ലയബിലിറ്റിയിൽ നിന്നും ഒഴിവാക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം.21 ന് മറുപടി നൽകിയിട്ടുള്ളത്.

3. 2019-20 സാമ്പത്തിക വർഷത്തെ B-7, RP-34(വരവ്), RP-34 (ചെലവ്), 2020-21 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ എന്നിവ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| Contractors EMD | 2656 | 40325 | 16290 | 26691 |
| Suppliers EMD | 3134 | - | - | 3134 |
| Bidders EMD | 92629 | 2000 | 29900 | 64729 |
| Contractors Security Deposit | 2462 | 5430 | - | 7892 |
| Suppliers Security Deposit | 53000 | 29150 | 37150 | 45000 |
| Bidders Security Deposit | 75372 | - | 3775 | 71597 |
| Contractors Retention | 66586 | 41245 | 16290 | 91541 |
| Other Deposit | 15400 | 5000 | - | 17400*<br>(20400) |
| Rent Deposits | 60818 | 3260 | - | 64078 |
| Auction Deposit | 27835 | 2000 | - | 29835 |
| Deposit Received For Halls & Auditoriums | 700 | - | - | 700 |
| Other Deposits Revenue | 67600<br>(15-16) | - | - | 67600 |
| Election Deposits | 3000 | 75500 | 2500 | 76000 |
| Deposit Received From Others | 54500 | - | - | 53000 |

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുന്നിരിപ്പായുള്ള തുകകൾ വളരെ വർഷങ്ങളായി പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282 (1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും തുക ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് 2017-18 വർഷം വരെയുള്ള എല്ലാ ഡെപ്പോസിറ്റ് തുകകളും 15.3.2022 ലെ 5-ാം നം. തീരുമാനപ്രകാരം തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 21 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

*Other Deposit ഇനത്തിൽ RP-34 (ചെലവ്) പ്രകാരം തുകയില്ല എന്നാൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

*Deposit Received From Others ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

*Rent Deposits ഇനത്തിൽ എ എഫ് എസ് പ്രകാരമുള്ള തുകയും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. മുന്നിരിപ്പ് എ എഫ് എസ്, രജിസ്റ്റർ എന്നിവ പ്രകാരം 60818/- രൂപയാണ് മുന്നിരിപ്പ്. എന്നാൽ രജിസ്റ്റർ പ്രകാരം 3398/-രൂപ 2015 ലെ വരവ് തൻ വർഷ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

4. B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| Government And Other Dues Payable-Library Cess | 117260 |
| Government And Other Dues Payable-VAT | 544 |
| Flood Cess | 3328 |
| Government And Other Dues Payable-Others | 655 |

Government And Other Dues Payable-VAT, Government And Other Dues Payable-Others എന്നിവയിൽ നീക്കിയിരിപ്പായുള്ള തുക 2019-20 ലെ നീക്കിയിരിപ്പ് തന്നെയാണ്. വാറ്റ് ഒഴികെയുള്ള മറ്റെല്ലാ തുകകളും 2021-22 വർഷം അടവാക്കിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടി

5. ചുവടെ ചേർക്കുന്ന ചെലവുകൾ 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയത് 2019-20 വർഷത്തെ എ.എഫ്.എസിലെ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഇനം / | തുക | വൗച്ചർ നം /തീയതി |
|---|---|---|---|
| 1 | Honorarium To President(03/19) | 13200/- | 22100008/03.04.21 |
| 2 | Honorarium To Vice President(03/19) | 10600/- | 22100009/03.04.21 |
| 3 | Water Charge Of 4 Anganwadis | 1616/- | 22100033/09.04.21 |

വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടി. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. ബി 9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 92483/-രൂപ നീക്കിയിരിപ്പുണ്ട്. ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ പത്രികയിൽ നിന്നും Stale Cheque ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ വിവരങ്ങൾ ലഭ്യമല്ല.

7. RP- 47 ഷെഡ്യൂളിൽ Advance To Others AFS പ്രകാരം 10,65,566/- എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1358700/-രൂപയാണ് തൻവർഷം ഈ ഇനത്തിൽ നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ

| Advance To Others | നൽകിയ തുക ( RP- 47 ) | തിരികെ ലഭിച്ച തുക ( RP- 47 ) | നൽകിയ അഡ്വാൻസിൽ തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുക (B-18) |
|---|---|---|---|
| AFS പ്രകാരം | 10,65,566 | 742944 | 615756 |
| അഡ്വാൻസ് രജിസ്റ്റർ പ്രകാരം | 1358700 | 742944 | 615756 |

അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിലും, AFS പ്രകാരം നൽകിയ തുകയിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

8. 2019-20 B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ 2020-21 വർഷവും നീക്കിയിരിപ്പായി അവശേഷിക്കുന്നു. പ്രസ്തുത മുൻകൂറുകൾ ചെലവഴിക്കാനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | 2019-20 B-18 പ്രകാരം നീക്കിയിരിപ്പ് | 2020-21 B-18 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 460500201 | Advance To Implementing Agencies -Deposit With Kerala Water Authority | 3839391 | 6919391 * |
| 460500202 | Advance To Implementing Agencies -Deposit With Kerala Electricity Board | 40149 | 40149*** |
| 460500201 | Advance To Implementing Agencies -Deposit With Public Works Department | 4668884 | 466884 |
| 460500501 | Advance To Implementing Officers | 307122 | 318622** |
| 460509901 | Advance To Others | 189850 | 189850 |

* ഈ വർഷത്തെ അഡ്വാൻസ് തുക(3080000) കൂടി ഉൾപ്പെടുന്നു.

**ഈ വർഷത്തെ അഡ്വാൻസ് തുക(11500) കൂടി ഉൾപ്പെടുന്നു.

***91167/- രൂപ 2020-21 വർഷം 3 പ്രോജക്ടുകളിലായി കെ എസ് ഇബിക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

9. I-18 Schedule പ്രകാരം Residential Building ഇനത്തിൽ 25164/ -രൂപയും Non-residential Building ഇനത്തിൽ 23595/- രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണെന്ന് ഓഡിറ്റ് എൻക്വയറി നം.21 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല

10.2018-19 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്ടുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കേഡ് | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് (ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ പ്രകാരം) | |
|---|---|---|---|---|---|---|
| 320700204 | Joint Venture -Revenue Expenditure -Block Panchayath | 796614 | 1337393 (RP7) | 1509143 | 796614 | മുന്നിരിപ്പ്,വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല) |
| 320700205 | Joint Venture -Revenue Expenditure -District Panchayath | 119750 | 2034399 (RP7) | 2034399 | 119750 | |
| ആകെ | | 916364 | 3371792 | 3543542 | 916364 | |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 916364/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 844364/- രൂപയാണ്. B4

ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

11. സഞ്ജയ പ്രകാരം ലഭ്യമാക്കിയിട്ടുള്ള വസ്തു നികുതി ഗാർഹികം, ഗാർഹികേതരം എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് റിപ്പോർട്ടുകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | എ.എഫ്. എസ്. പ്രകാരം | സഞ്ജയ പ്രകാരം | എ.എഫ്. എസ്. പ്രകാരം | സഞ്ജയ പ്രകാരം | എ.എഫ്.എസ്. പ്രകാരം | സഞ്ജയ പ്രകാരം |
| വസ്തു നികുതി ഗാർഹികം(അരിയർ) | (B15p) 202476 | 168200 | (Rp43c) 88521 | 88521 | (B15 C) 109509 | 80267 |
| വസ്തു നികുതി ഗാർഹികം (കറന്റ്) | (I-1) 1438903 | 1441207 | (Rp43c+ RP36p+B9p) 1149297+0+5314 =1149466 | 1150182 | (B15 C) 273290 | 273290 |
| വസ്തു നികുതി ഗാർഹികേതരം (അരിയർ) | 316157 | 257097 | (Rp43c) 70045 | 70045 | 242372 | 187214 |
| വസ്തു നികുതി ഗാർഹികേതരം (കറന്റ്) | 2033103 | 130047 | (Rp43c+ RP36p+B9p) 1716763 | 104337 | 307686 | 24250 |

12. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ 2020-21 വർഷത്തെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് പ്രകാരം ആസ്തി നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകളിലായി 1073469/- രൂപയാണ് പേയ്മെന്റ് ഉള്ളത്. അക്കൗണ്ട്സിലെ B-11 (A) ഷെഡ്യൂൾ പ്രകാരം Capital Work In Progress ഇനത്തിൽ നൽകിയിട്ടുള്ള തുക 383435/- രൂപയാണ്. കൂടാതെ RP-40 പ്രകാരം 816468/- രൂപ Capital Work In Progress ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗം

(ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം തയ്യാറാക്കിയത് )

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14259282 | 14259282 | 19954357* | -5695075 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 6402588 | 6402588 | 4335919** | 2066669 |
| CFC(tied) | 0 | 7800000 | 7800000 | 3196300 | 4603700 |
| CFC(untied) | 0 | 18834181 | 18834181 | 9998818 | 8835363 |
| Maintenance Fund(nonroad) | 0 | 5893777 | 5893777 | 4502841*** | 1390936 |
| Maintenance Fund(road) | 0 | 8635000 | 8635000 | 8616393 | 18607 |
| CSS | 0 | 0 | 0 | 3648517 | -3648517 |
| SSS | 0 | 0 | 0 | 0 | 0 |

2020-21 വർഷത്തെ ഗ്രാന്റ് യൂട്ടിലൈസേഷൻ -അപാകതകൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 19954357 | 14204389 |
| വികസനഫണ്ട്(എസ്.സി.പി) | 4335919 | 3764507 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 4502841 | 4442618 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ട് സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ആധികാരികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക RP-31 പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളായ ICDS, NREGA എന്നിവയ്ക്ക് തൻവർഷം വരവുണ്ട്. എന്നാൽ അവയുടെ വിശദാംശം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമല്ല

ഗ്രാന്റ് യൂട്ടിലൈസേഷൻ - മറ്റ് അപാകതകൾ

1. 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 2020-21 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 320200202 | 360000 | 360000 |
| 320200399 | 818100 | 818100 |
| 320700404 | 25000 | 25000 |
| 320800199 | 272125 | 272175 |
| 320800299 | 3581 | 3581 |

പ്രസ്തുത തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം, പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം, പ്രസ്തുത തുകകൾ വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനുമുള്ള കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്.

2) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320200309 | Literacy Grant | 475755 |
| 2 | 320200322 | Grants From Suchitwa Mission | 3143471 |
| 3 | 320300199 | Grants,Funds &Contributions For Specific Purposes-Other Government Agencies- | 96584 |
| 4 | 320700204 | Contributions For Joint Venture Projects For Revenue Expenditure-From Block Panchayats | 724614 |
| 5 | 320700205 | Contributions For Joint Venture Projects For Revenue Expenditure-From District Panchayats | 119750 |
| 6 | 320800101 | Beneficiary Contributions | 665930 |
| 7 | 320700404 | Contributions For Other Specific Purposes (For Revenue Expenditure) - From Block Panchayats | 25000 |

| | | | |
|---|---|---|---|
| 8 | 320800199 | Other Grants, Funds & Contributions For Specific Purposes - Capital | 272125 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

3. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം ഏതിനത്തി ലുള്ളതാണെന്ന് വ്യക്തമല്ല

ഗ്രാന്റ് യൂട്ടിലൈസേഷൻ - വിനിയോഗത്തിലെ അപാകതകൾ

1. 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് (ജനറൽ, എസ്.സി.പി) സംരക്ഷണ ഫണ്ട്(റോഡ്,നോൺറോഡ്) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. (ACR പ്രകാരം)

| ഫണ്ടിനം | അനുവദിച്ച തുക₹ | ചെലവ് തുക₹ | നീക്കിയിരിപ്പ് തുക₹ | ചെലവ് ശതമാനം | ലാപ്സായ ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 14259282 | 14204389 | 54893 | 99% | - |
| വികസനഫണ്ട്(എസ്.സി.പി) | 6402588 | 3764507 | 2638081 | 58% | 22% |
| സംരക്ഷണഫണ്ട് (റോഡ്) | 8635000 | 8616393 | 18607 | 99% | - |
| സംരക്ഷണഫണ്ട് ( നോൺറോഡ്) | 5893777 | 4442618 | 1451159 | 75% | 5% |

2) 12.03.2021-ലെ സ.ഉ(സാധാ) നം.2247/2021/ധന., 26.02.2021-ലെ സ.ഉ(സാധ)നം.622/2021/ തസ്വഭവ. എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യ കമ്മീഷൻ വിഹിതമൊഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 25 ശതമാനം തുക എന്ന പരിധിയ്ക്ക് വിധേയമായി ക്യാരി ഓവർ ചെയ്ത തുകയോ ഏതാണോ കൂടുതൽ അതിൽ പരിമിതപ്പെടുത്തി പണം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് 2020-21-ൽ വികസനഫണ്ട് 86.9% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് 90 ശതമാനത്തിനു മുകളിൽ ഫണ്ട് ചെലവഴിച്ചിരുന്നെങ്കിൽ ക്യാരിഓവർ ചെയ്ത തുകയ്ക്ക് തുല്യമായ പണം, പരമാവധി 25% വരെ പഞ്ചായത്തിന് ലഭിക്കുമായിരുന്നു.

3. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 31.03.2021ലെ നീക്കിയിരിപ്പ് 844364/- രൂപയാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം അവശേഷിക്കുന്നവയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

## 1-4 പദ്ധതി രൂപീകരണം

| അംഗീകാരം | പദ്ധതി | നടപ്പിലാക്കിയത് | പദ്ധതി | പൂർത്തീകരിച്ച |
|---|---|---|---|---|

| ലഭിച്ചത്(എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 256 | 137065729 | 195 | 87763021 | 76 |

പദ്ധതി രൂപീകരണം- അപാകതകൾ.

1.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 28.12.2019ൽ ആണ് ആസൂത്രണ സമിതി യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത യോഗത്തിൽ പദ്ധതികളുടെ ഫണ്ട് വകയിരുത്തലും വിഭവസ്രോതസ്സുകളുടെ അവലോകനവും ആണ് നടത്തിയിരിക്കുന്നത്. ആസൂത്രണ സമിതി അതിന്റെ ചുമതലകൾ പൂർണ്ണമയ തോതിൽ നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുന: സംഘടിപ്പിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 6 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് കാരണമാണ് ആസൂത്രണ സമിതി യോഗം ചേരാൻ കഴിയാത്തതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

2 .സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ഫെബ്രുവരി 2020ൽ വികസനസെമിനാറിനോടനുബന്ധിച്ച് ഒറ്റത്തവണയാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. അതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളും ക്ളോസ് ചെയ്തിട്ടില്ല. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. കോവിഡ് കാരണം ആണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്തതെന്നാണ് ഓഡിറ്റ് എൻക്വയറി 6 നുള്ള മറുപടി

3. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.4.2 (1) പ്രകാരംപദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നൽകിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യ വകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. ആയത് പരിശോധിച്ചശേഷമാണ് ഭരണസമിതിയ്ക്ക് ശുപാർശകൾ നൽകിയിട്ടുള്ളതെന്നാണ് ഓഡിറ്റ് എൻക്വയറി 6 നുള്ള മറുപടി

4. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി തയ്യാറാക്കിയിട്ടില്ല

5. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 137065792/- രൂപയും ചെലവ് 87763021/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 64% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 113040 | 157 |
| കർഷകതൊഴിലാളി പെൻഷൻ | 13509300 | 848 |
| വിധവാ പെൻഷൻ | 21026500 | 1444 |
| വാർദ്ധക്യകാല പെൻഷൻ | 36869800 | 2746 |
| വികലാംഗ പെൻഷൻ | 4746800 | 319 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 08 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 485300 | 39 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 316800 /-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.(രജിസ്റ്റേഷൻ നം43 /20 തീയതി 06.04.20 മുതൽ 47/21 തീയതി 24.03.21 വരെയുള്ള മരണറിപ്പോർട്ടുകളാണ് പരിശോധിച്ചത്).വിശദാംശം ചുവടെ:-

| ക്രമ നം. | പേര് | പെൻഷൻ ഐ. ഡി. | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | രാജു.സി | 102470201679 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 20.04.20 | 05/20-09/20 | 6600 |
| 2 | ജമീലാബീവി | 102470200336 | വാർദ്ധക്യകാല പെൻഷൻ) | സസ്പെൻഡ് | 12.07.20 | 08/20-10/20 | 4500 |
| 3 | ബഷീർ | 102470201146 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 10.07.20 | 08/20-05/22 | 33800 |
| 4 | നാണി പി | 102470100199 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 18.07.20 | 08/20-09/20 | 2700 |
| 5 | ഷംസുദ്ദീൻ | 102470101844 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 25.06.20 | 07/20-06/21 | 17500 |
| 6 | മാധവി അമ്മ | 102470101290 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 28.07.20 | 08/20-10/20 | 4100 |
| 7 | രൂപാവതിഅമ്മ | 102470201216 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 02.08.20 | 09/20 | 1400 |
| 8 | ഗോപാലൻ | 102470101613 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 04.08.20 | 09/20-10/20 | 2800 |
| 9 | സുഷമ | 102470203349 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 03.08.20 | 09/20 | 1400 |
| 10 | ഗോപിനാഥൻ വി | 102470203027 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 14.08.20 | 09/20-05/22 | 32900 |
| 11 | ജലാലുദ്ദീൻ | 102470101769 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 10.09.20 | 10/20 | 1400 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | രാമകൃഷ്ണപിള്ള | 102470201392 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 21.07.20 | 08/20-10/20 | 4500 |
| 13 | ശ്രീധരൻ | 102470100263 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 10.11.20 | 12/20-05/22 | 28300 |
| 14 | നാസറുദ്ദീൻ | 102470400141 | ദേശീയ ഡിസബിലിറ്റി പെൻഷൻ | സസ്പെൻഡ് | 29.11.20 | 12/20-05/22 | 7500 |
| 15 | വാമദേവൻ ജി | 102470100295 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 25.11.20 | 12/20-05/22 | 28300 |
| 16 | മണികണ്ഠനാശാരി | 102470202209 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 21.11.20 | 12/20-02/21 | 4400 |
| 17 | അബ്ദുൾ റഷീദ് | 102470100947 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 13.12.20 | 01/21-05/22 | 26900 |
| 18 | രുദ്രായണിയമ്മ | 102470100893 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 22.12.20 | 01/21-05/22 | 26900 |
| 19 | ചെല്ലപ്പൻപിള്ള പി | 102470101370 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 31.12.20 | 01/21-05/22 | 12500 |
| 20 | ലത്തീഫാ ബീവി | 102470200558 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 21.01.21 | 02/21-05/22 | 25400 |
| 21 | കെ.അബ്ദുൽബഷീർ | 102470201550 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 09.02.21 | 03/21-02/22 | 19100 |
| 22 | ശാർങ്ങധരൻ.എസ് | 102470202058 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 25.02.21 | 03/21-05/22 | 23900 |
| | | | | | | ആകെ | 316800 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

II) സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | നളിനി .എസ് | 26.07.20 | 561046092109 | ആക്ടീവ് |
| 2 | വിഘ്നേശ്വരൻനായർ.പി | 21.04.20 | 834914293665 | ആക്ടീവ് |
| 3 | ഭാനുമതി | 11.05.20 | 653357735975 | ആക്ടീവ് |
| 4 | മുഹമ്മദ്സാലി | 19.09.20 | 298686445312 | ആക്ടീവ് |

II) പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിനെ/പെൻഷൻ വിതരണ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:-

| ക്രമ നം | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് /പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | പാങ്ങോട ഗ്രാമ പഞ്ചായത്ത് മുഹമ്മദയൂസഫ്.എ | 102510201303 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 30.07.20 | 08/20-05/22 | 33800 |
| 2 | വാമനപുരം ഗ്രാമ പഞ്ചായത്ത് രാമകുമാർ വി. | 102500201015 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 20.07.20 | 08/20-09/20 | 2700 |
| 3 | ക്ഷേമനിധി ബോർഡ് പെൻഷൻ മാധവൻപിള്ള .ആർ | 2220316542 | Karshaka Pension For Small And Marginal Farmers | ആക്ടീവ് | 07.08.20 | 09/20-05/22 | 32500 |
| 4. | പാങ്ങോട് ഗ്രാമ പഞ്ചായത്ത് സുശീല | 102510201723 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 17.05.20 | 06/20-05/22 | 14400 |
| 5. | പാങ്ങോട് ഗ്രാമ പഞ്ചായത്ത് ചന്ദ്രലേഖ | 102510600902 | വിധവ പെൻഷൻ | ആക്ടീവ് | 31.05.20 | 06/20-05/22 | 36300 |

ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 18/ 14.06.22ന് അധികമായി നൽകിയ തുക ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.22 01.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 195592/രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിഅയ്യായിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്റിരണ്ട് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. എന്നാൽ താഴെപ്പറയുന്ന മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. ആയതിനായി

ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ ആധികാരമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-5-1 കാണുക).

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം മികവുറ്റതാക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, എ.ഇ എന്നിവർ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 9321 | 1649504* | 1658825 | 1635425 | 23400 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 82767000 | 82767000 | 82767000 | 0 |

.MNREGS ക്യാഷ് ബുക്ക് പ്രകാരം വരവ് 1655504 രൂപയാണ്.

തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

1. MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2020-21 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ.4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ,7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ പൂർണ്ണമല്ല

B. ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ് ഫയലിൽ ലഭ്യമല്ല

C. ടെക്നിക്കൽ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവയുടെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്,ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, പ്രോജക്റ്റ് റിപ്പോർട്ട്/ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

D. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

E.നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

F.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

5.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ സാമഗ്രികൾ സമാഹരിക്കുന്നതിലെ അപാകതകൾ

മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്മെന്റ് 29.11.2010 ലെ നം. J-11060/3/2009-MGNREGA കത്തിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി സാധനസാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം. 93/2012 തസ്വഭവ തീയതി 31.03.2012, സ.ഉ.(കൈ) നം.284/2012 തസ്വഭവ തീയതി 03.11.2012 ഉത്തരവുകളിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് കേരള സർക്കാരും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് സാധന സാമഗ്രികളുടെ സമാഹരണത്തിനായി 2013 ൽ സ്റ്റോർ പർച്ചേസ് മാന്വലും (സ.ഉ. (പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (എം.എസ്)നം. 13/2015/ഐ.റ്റി.ഡി തീയതി 12.05.2015 ഉത്തരവിലൂടെ 5 ലക്ഷം രൂപയിലധികമുള്ള എല്ലാ വാങ്ങലുകൾക്കും ഇ ടെണ്ടർ നടപടികൾ നിർബന്ധമാക്കിയും ഉത്തരവായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് മേൽപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം 4പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഓരോ മാസത്തെയും പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ തരം തിരിച്ച പട്ടികപ്പെടുത്തിയ ശേഷം, ഓരോ അർദ്ധ വർഷത്തേക്കും ആവശ്യമായ ആകെ സാധനസാമഗ്രികളുടെ വിവരം ക്രോഡീകരിച്ച്, ഓരോ അർദ്ധവർഷത്തേക്കുമാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ 17.07.2020ലെ 5(6) തീരുമാനപ്രകാരം ടെണ്ടർ, റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടും കരാറുകാർ ഹാജരാകാത്തതിനാൽ സാധനം സപ്ലൈ ചെയ്യുന്നതിന് സന്നദ്ധത അറിയിച്ച ശ്രീ മനോഹരൻ നായരെ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഓരോ ടെണ്ടറിലെയും ആവശ്യമായ സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ ചെയ്യാതെ സാധന ഇനങ്ങൾക്ക് കരാറുകാരനിൽ നിന്നും പ്രത്യേകം ടെണ്ടറുകൾ സ്വീകരിച്ച്, പ്രത്യേകം സെലക്ഷൻ നോട്ടീസ് നൽകി, ഓരോ ഇനം സാധനം സപ്ലൈ ചെയ്യുന്നതിനും പ്രത്യേകം കരാറുകൾ ചമച്ചാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ ചെലവിലും, സുതാര്യമായ രീതിയിലും ലഭ്യമാക്കുന്നതിനുള്ള എല്ലാ സാധ്യതകളും മേൽ നടപടികളിലൂടെ നഷ്ടമായി.

6.ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്ക സൂക്ഷിക്കേണ്ടതാണെങ്കിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രസ്തുത വരവ് ഉൾപ്പെട്ടിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ടെണ്ടർ ഫോറ വിറ്റു വരവിനത്തിൽ ഗ്രാമപഞ്ചായത്തിന് 218133/- രൂപ വരവുണ്ട്. പ്രസ്തുത തുക ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ടെണ്ടർ ഫാറവില കൂടി ഉൾപ്പെട്ടതാണ്.

7. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | ചെറുവാളം ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റിംഗ് | 182/20-21 | മനോഹരൻ നായർ | 307743 |
| 2 | കടുമാൻകുഴി താഴെപാലുവള്ളി പാലത്തിൽ ബന്ധിപ്പിക്കുന്ന നടപ്പാത കോൺക്രീറ്റ് | 179/20-21 | മനോഹരൻ നായർ | 307051 |
| 3 | പരപ്പിൽ ഗണപതിപുരം റോഡ് കോൺക്രീറ്റിംഗ് | 189/20-21 | മനോഹരൻ നായർ | 337145 |
| 4 | പരപ്പിൽ നെല്ലിക്കാട് റോഡ് കോൺക്രീറ്റ് | 181/20-21 | മനോഹരൻ നായർ | 295186 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 36 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.2.2022 മുതൽ 16.02.2022 വരെ | 01.1.2021 മുതൽ 31.7.2021 വരെ | 16.5.2022 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 29.03.2016 മുതൽ 16.04.2016 വരെ | 2011-12 മുതൽ 2015-16 വരെ | 16.6.2016 |

## 1-10 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കണ്ട അപാകങ്ങൾ ചുവടെ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഇ വകുപ്പ് പ്രകാരം സെക്രട്ടറി ഏപ്രിൽ മാസം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 15/09.06.22 ന് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം നോട്ടീസ് നൽകി വരുന്നില്ലായെന്നും വരും സാമ്പത്തിക മേൽ വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 18 ൽ IIIാം നമ്പർ ഫോറത്തിന്റെയും, IVാം നമ്പർ ഫോറത്തിലുള്ള അപേക്ഷയുടേയും രണ്ടു പകർപ്പ് വീതം തൊഴിലുടമയ്ക്ക് അയക്കേണ്ടതാണ്. ഡിമാന്റ് നോട്ടീസിന്റെ ഡ്യൂപ്ളിക്കേറ്റ് കൈപ്പറ്റിയതിന്റെ തെളിവ് സഹിതം തൊഴിലുടമ/ഓഫീസ് തലവൻ തിരികെ സമർപ്പിക്കേണ്ടതാണ്. ഫോറം നം 3,4 എന്നിവയുടെ ഡ്യൂപ്ളിക്കേറ്റ് കോപ്പി കൈപ്പറ്റിയതായുള്ള നോട്ടീസ് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്ന വിവരം മറുപടിയിലൂടെ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജിലെ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

3. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഐ വകുപ്പ് പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. 2022-23 മുതൽ ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നതാണെന്നാണ് മറുപടി നൽകിയത്.

4. കേരള_പഞ്ചായത്ത്_രാജ്_(തൊഴിൽ_നികുതി)_ചട്ടങ്ങൾ,_1996 ചട്ടം 18 (ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യൽ) (4) ഓരോ അർദ്ധ വർഷത്തിന്റെ അവസാനവും, ആഫീസ് തലവനോ, തൊഴിലുടമയോ വച്ചു പോരുന്ന രജിസ്റ്ററിന്റെ സംഖ്യകളും മറ്റ് വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്യ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും ഒരു പരിശോധന സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനുശേഷം എഴുതി തീയതി വെച്ച് ഒപ്പിട്ട് നൽകേണ്ട തുമാണ്.

ഇപ്രകാരം സാമ്പത്തിക വർഷം രണ്ടു അർദ്ധവർഷങ്ങളിലും പരിശോധന നടത്തിയിട്ടില്ല. 2022-23 മുതൽ ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്നാണ് മറുപടി നൽകിയത്.

5. സാമ്പത്തിക വർഷത്തെ രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6. സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. 2019-20 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം (പഞ്ചായത്ത് ലഭ്യമാക്കിയത്) പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 17 കടകൾക്കും 20-21 ലും ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ ഡിമാന്റ് നോട്ടീസ് നൽകിയതുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് തൊഴിൽ നികുതി ,സ്ഥാപനനികുതി എന്നിവ ഒടുക്കുന്നതിനായി 18.10.21 ന് നൽകിയ ഡിമാന്റ് നോട്ടീസാണ് ലഭ്യമാക്കിയത്.

7. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന്

എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.എന്നാൽ 20-21 ൽ പഞ്ചായത്ത് പരിധിയിൽ മേൽ വിഭാഗത്തിൽ ആരും തന്നെ തൊഴിലിൽ ഏർപ്പെട്ടിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറി നം - 15/09.06.22ന് മറുപടി നൽകിയത്.

8)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനം സ്ഥാപന തൊഴിൽ നികുതി ഒടുക്കാറില്ലെന്നും, തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

09)ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 2020-21 ൽ കോവിഡ് ആയതിനാലാണ് മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതെന്നാണ് മറുപടിയിലൂടെ അറിയിച്ചത്.

10)സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിടനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 1/48 / A | കുറുമ്പയം മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, റ്റി 145 (1) |
| 2 | 12/289 | വിനായക ഇംഗ്ലീഷ് മീഡിയം, മുതുവിള |

## 1-11 ലേലം-അപാകങ്ങൾ

I) 2020-21 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, ലേല ഡയറികൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു,

| ക്രമ നമ്പർ | ലേലം/ ക്വട്ടേഷൻ ഇനം | ലേല/ക്വട്ടേഷൻ തീയതി, ലേലം കൊണ്ട വ്യക്തി | ലേലത്തുക | തുക ഒടുക്കിയ വിശദാംശങ്ങൾ | കരാറിലേർപ്പട്ടതിന്റെ വിവരം |
|---|---|---|---|---|---|
| 1 | കല്ലറ ബസ് സ്റ്റാന്റിലെ വാഹനങ്ങളുടെ പ്രവേശനഫീസ് പിരിക്കുന്നതിനുള്ള അവകാശം | 04/03/2020 ലേലം,<br>കെ.ശശിധരന്എസ്.ബി ഭവൻ,തച്ചോണം , വട്ടത്താമര.പി.ഒ | 162000 +GST | 54000 + GST, Dtd 06.03.20 | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് |
| | | | | ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല. | |
| 2 | കല്ലറ മാർക്കറ്റിലെ 11-ാം നമ്പർ സ്റ്റാളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 04/03/2020 ക്വട്ടേഷൻ<br>ഫത്തഹുദ്ദീൻ,കൊടുങ്ങൻചേരി വീട്,പാങ്ങോട്,പാങ്ങോട്.പി.ഒ | 462511 | 154170+ GST, Dtd 04/03/2020, Dtd 21.04.20 | 462511/- രൂപ വാർഷിക ലേല തുകയുടെ മൂന്നിലൊന്ന് മുൻകൂറായിനൽകണമെന്നും അതിന്റെ 2ാം ഗഡു 31.07.21 നും,3ാം ഗഡു 30.11.2020നും നൽകേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| | | | | ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | |
| 3. | കല്ലറ മാർക്കറ്റിലെ 12-ാം നമ്പർ സ്റ്റാളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 04/03/2020 ക്വട്ടേഷൻ<br>ഫത്തഹുദ്ദീൻ,കൊടുങ്ങൻചേരി വീട്,പാങ്ങോട്,പാങ്ങോട്.പി.ഒ | 462511 | 158666+ GST, Dtd 04/03/2020, Dtd 21.04.20 | 462511/- രൂപ വാർഷിക ലേല തുകയുടെ മൂന്നിലൊന്ന് മുൻകൂറായി നൽകണമെന്നും അതിന്റെ 2ാം ഗഡു31.07.21 നും, 3ാം ഗഡു 30.11.2020നും നൽകേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| | | | | ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല. | |

| | | | | | |
|---|---|---|---|---|---|
| 4. | കല്ലറ മാർക്കറ്റിൽ ആടുമാടുകളുടെ വ്യാപാരത്തിന് പ്രവേശന ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 04.03.20,ലേലം ,അഹമ്മദ്,അസീംമൻസില്, കോട്ടൂർ,കല്ലറ. | 10000 | 3500, Dtd 04.03.20 GST ഒടുക്കിയില്ല<br>ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല . | കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| 5. | കല്ലറ മാർക്കറ്റിലെ 13-ാം നമ്പർ സ്റ്റാളിൽ ആട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 04/03/2020 ക്വട്ടേഷൻ<br>ഫത്തഹുദ്ദീൻ, കൊടുങ്ങൻചേരി വീട്,പാങ്ങോട്, പാങ്ങോട്.പി.ഒ | 111313 | 37110,dtd 04.03.20, GST, Dtd 21/04/2020<br>ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | 111313/- രൂപ വാർഷിക ലേല തുകയുടെ മൂന്നിലൊന്ന് മുൻകൂറായിനൽകണമെന്നും അതിന്റെ 2ാം ഗഡു31.07.21 നം, 3ാം ഗഡു 30.11.2020നം നൽകേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 6. | കല്ലറ പബ്ലിക്ക് മാർക്കറ്റിൽ മത്സ്യവ്യാപാരം നിരോധിച്ചിരിക്കുന്ന 1,2 പ്ലാറ്റ്ഫോമുകൾ ഉൾപ്പെട്ട ഒന്നാം നമ്പർ തട്ടിൽ നിന്നും തറവാടക പിരിക്കുന്നതുനുള്ള അവകാശം | ബൈജു,കാമറയിൽ വീട്, കല്ലറ | 99222/- | 33074+GSt Dtd 04/03/20<br>ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| 7. | കല്ലറ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷൻ വഴിയമ്പലം പ്രവർത്തിക്കുന്നതിനുള്ള അവകാശം | 04.03.20,<br>ക്വട്ടേഷൻ ഋഷികേഷ്,<br>രാധാമന്ദിരം, ഉമ്പോട്, കല്ലറ | 190000 | 64000, Dtd 04.03.20, GST ഒടുക്കിയില്ല<br>ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| 8. | മരുതുംമൂട് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 04.03.20<br>താഹിർ പാലവിളവീട് കുറിഞ്ചിലക്കാട് | 18000 | 6000, Dtd 04.03.20 GST, ഒടുക്കിയില്ല. ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| 9. | മരുതുംമൂട് മാർക്കറ്റിലെ ആട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 04.03.20<br>ലേലം,നാസർ, മുഹ്സിന മൻസിൽ, കല്ലറ | 1200 | തുക ഒടുക്കിയ വിവരങ്ങൾ ലഭ്യമല്ല. | കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| 10 | കല്ലറ പഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളിൽ നിന്ന് | 04.03.20<br>ലേലം, കെ.ശശിധരൻപിള്ള, എസ്.ബി ഭവൻ, തച്ചോണം ,വട്ടത്താമര.പി.ഒ | 6500 | 6500,dtd 06.03.20 | പൂരിപ്പിക്കാത്ത കരാർ പത്രമാണ്<br>ലഭ്യമാക്കിയിട്ടുള്ളത് |

I) ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർ A7/1423/20 തീയതി 22/02/2020 ക്രമ നമ്പർ 7 പ്രകാരം ലേലത്തുക ഗഡുക്കളായി ഒടുക്കാത്തവർ ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നും വാങ്ങി എഗ്രിമെന്റ് സമയത്ത് ഹാജരാക്കേണ്ടതാണ്. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കത്തവർ ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലത്തുകയും 18% GST യും ചേർന്ന തുക ഒറ്റത്തവണയായി ഒടുക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികയിലെ കരാറുകാരിൽ നിന്നും ഇപ്രകാരം എഗ്രിമെന്റിനോടൊപ്പം സോൾവൻസി വാങ്ങി സൂക്ഷിച്ചിട്ടില്ല.

II) ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർA7/1423/20തീയതി 22/02/2020 ക്രമ നമ്പർ 7 പ്രകാരം ലേലം സ്ഥിരപ്പെടുത്തി ഏഴുദിവസത്തിനകം 200/- രൂപയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതും ബാക്കി ലേല തുകയും GST-യും ചേർന്ന തുക രണ്ടു തുല്യ തവണകളായി 2019 ജൂലൈ 31, 2019 നവംബർ 30 എന്നീ തീയതികൾക്ക് മുമ്പായി പഞ്ചായത്തിൽ ഒടുക്കി രസീത് വാങ്ങേണ്ടതാണ്. കുത്തകക്കാരൻ തവണ വിഴ്ച വരുത്തിയാൽ 18% പലിശ ഈടാക്കുന്നതും എന്നാൽ നിശ്ചിത തവണ തീയതി മുതൽ 15 ദിവസത്തിനകം പലിശ സഹിതം തുക ഒടുക്കിതീർക്കാത്ത പക്ഷം കുത്തവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്ത് ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതാണ് എന്നിരിക്കെ

മേൽ ലേലവ്യവസ്ഥകൾ പാലിക്കാത്ത ലേലം കൊണ്ട വ്യക്തികളിൽ നിന്നും ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Iii) ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർ A7/1423/2020 തീയതി 22/02/2020 ക്രമ നമ്പർ 7 പ്രകാരം ലേലം സ്ഥിരപ്പെടുത്തി ഏഴുദിവസത്തിനകം 200/- രൂപയുള്ള മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ 3 (1) അനുസരിച്ച് പഞ്ചായത്തിനു വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു ആവശ്യമെന്നു തോന്നുന്ന എല്ലാ കരാറുകളിലും ഏർപ്പെടുകയും നിറവേറ്റുകയും ചെയ്യാവുന്നതാണെന്നിരിക്കെ 20-21 സാമ്പത്തിക വർഷം ലേലം സ്ഥിരപ്പെടുത്തിയ എല്ലാ വ്യക്തികളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

Iv) സാമ്പത്തിക വർഷത്തെ ലേല രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികധനകാര്യ പത്രികയിലെ ലേല ഇനത്തിൽ ലഭ്യമായ തുകയുടെ ആധികാരികത പരിശോധിക്കാനായില്ല.

V)മേൽ പട്ടികയിലെ ആട്ടിറച്ചി,മാട്ടിറച്ചി വ്യാപാരത്തിനായി ലേലം കൊണ്ട വ്യക്തികൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ-19/14.06.2022ന് 20-21 സാമ്പത്തിക വർഷം മാർക്കറ്റ് ഒരു ദിവസം പോലും തുറന്നു പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ ലേലത്തുക പൂർണ്ണമായും ഈടാക്കാൻ കഴിയുമായിരുന്നില്ല എന്നാണ് മറുപടി നൽകിയത്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലേലവ്യവസ്ഥകൾ പാലിക്കാൻ കഴിയാതിരുന്ന സാഹചര്യം വിലയിരുത്തി ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകൾ നിശ്ചയിക്കേണ്ടതുണ്ടെങ്കിൽ അപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന സ്റ്റാളുകളിൽ/ കടമുറികളിൽ നിന്നും 2020-21 വർഷത്തെ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു-

| ക്രമ നം. | കടമുറി നം | വാടകക്കാരന്റെ പേര് | കാലയളവ് | വാടക |
|---|---|---|---|---|
| ബസ് സ്റ്റാന്റ് ഷോപ്പിംങ് കോംപ്ളക്സ് | | | | |
| 1 | റൂം നം.1 | ദീപ.കെ | 01/21 മുതൽ 03/21 വരെ | 03x17923=53769+GST |
| 2 | റൂം നം.2 | സുനിൽകുമാർ | 12/20 മുതൽ 03/21 വരെ | 04x14264=57056+GST |
| 3 | റൂം നം.3 | അജി | 04/20മുതൽ 06/20 വരെ | 03x14567=43701+GST |
| 4 | റൂം നം.4 | ബാബു | 04/20മുതൽ 06/20 വരെ | 03x16031=48093+GST |
| 5 | റൂം നം.5 | ഷാജഹാൻ | 04/20മുതൽ 06/20 വരെ | 03x9382=28146+GST |
| 6 | റൂം നം.6 | ഷാജഹാൻ | 04/20മുതൽ 06/20 വരെ | 03x8283=24849+GST |
| 7 | റൂം നം.7 | ഷിബു | 04/20മുതൽ 06/20 വരെ | 03x10400=31200+GST |
| 8 | റൂം നം.8 | നിസ്സാറുദ്ദീൻ | 04/20മുതൽ 06/20 വരെ | 03x8552=25656+GST |
| 9 | റൂം നം.9 | സജീവ് | 04/20മുതൽ 06/20 വരെ | 03x12317=36951+GST |
| മാർക്കറ്റ് കടമുറികൾ | | | | |
| 9 | റൂം നം.1 | അഷറഫ് | 01/21 മുതൽ 03/21 വരെ | 03x1766=5298+GST |

| | | | | |
|---|---|---|---|---|
| 10 | റൂം നം.2 | അഷറഫ് | 01/21 മുതൽ 03/21 വരെ | 03x1772=5316+GST |
| 11 | റൂം നം.3 | അഷറഫ് | 01/21 മുതൽ 03/21 വരെ | 03x1010=3030+GST |
| 12 | റൂം നം.4 | ഗോപി | 01/21 മുതൽ 03/21 വരെ | 03x1177=3531+GST |
| 13 | റൂം നം.5 | സത്യരാജ് | 04/20മുതൽ 03/21 വരെ | 12x1389=16668+GST |
| 14 | റൂം നം.6 | രാജു | 04/20മുതൽ 03/21 വരെ | 12x989=11868+GST |
| 15 | റൂം നം.7 | സലിം | 10/20മുതൽ 03/21 വരെ | 6x1242=7452+GST |
| 16 | റൂം നം.8 | ഷമീർ | 04/20മുതൽ 03/21 വരെ | 12x763=9156+GST |
| 17 | റൂം നം.9 | അഷറഫ് | 04/20മുതൽ 03/21 വരെ | 12x763=9156+GST |
| 18 | രേഖപ്പെടുത്തൽ അപൂർണ്ണം | നിസാർ | 04/20മുതൽ 03/21 വരെ | 12x918=11016+GST |
| 19 | കെട്ടിടവാടക | KSEB | 04/20മുതൽ 03/21 വരെ | 12x3500=42000+GST |
| 20 | Rent Of Land | BSNL Tower | 04/20മുതൽ 03/21 വരെ | 12x936=11232+ GST |

3.സ.ഉ സാധാ നമ്പർ 1278/2020 തസ്വഭവ തീയതി 29/6/2020 പ്രകാരം ലോക്ഡൌൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ എന്നും വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ഈ കാലയളവിൽ പ്രവർത്തിച്ചില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ് മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് എന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിൻമേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന /വികസന അതോറിറ്റി തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാടക ഇളവ് നൽകുന്നതിനായി മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ ഉത്തരവ് പ്രകാരം തയ്യാറാക്കിയ റിപ്പോർട്ട്, മൂന്ന് മാസത്തിൽ കൂടുതൽ വാടകകുടിശ്ശികയുള്ള വാടകക്കാരിൽ നിന്നും വാടകത്തുക ഈടാക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി -അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിലും വസ്തു നികുതി ഈടാക്കിയതിലും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

I) ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/168A | സുദർശനൻ,സിസലി | ഷോപ്പ് | $204.82m^2$ |
| 2 | 1/240A | മീര,ബിനു | ഷോപ്പ് | $224.71 M^2$ |

വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 80/- രൂപയായിരിക്കെ 60/- രൂപ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

II താഴെപ്പറയുന്ന വിവിധ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാതെ നിലനിൽക്കുന്നു.

1.ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 9/154/A | Naina.T.S | 2020-21 I,II | 1402 |
| 2 | 12/351 | Chairman And Managing Director | 2020I-2022 II | 10710 |

2.വിദ്യാഭ്യാസാവശ്യം

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | 1/741 | നസീർ,ഭരത്,കല്ലറ | 2019 I-2022 II | 2118 |

3.വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക | ഉപയോഗ ക്രമം |
|---|---|---|---|---|---|
| 1 | 6/86 / A | ഗീന | 2020 I-2022 II | 4500 | കോഴി വളർത്തൽ ഷെഡ് |
| 2 | 8/169A | വിദ്യ | 2020 I-2022 II | 2601 | കോഴി വളർത്തൽ ഷെഡ് |
| 3 | 9/426, 427,428,429 | ബിജീ തോമസ് | 2018I-2022 II | 805 | ,അന്നാ കാഷ്യൂ ഫാക്ടറി,,കൊടിളുക്കിയകന്ന് |
| 4 | 9/427 | ബിജീ തോമസ് | 2019I-2022 II | 1584 | " |
| 5 | 9/428 | ബിജീ തോമസ് | 2019I-2022 II | 25064 | " |
| 6 | 9/429 | ബിജീ തോമസ് | 2019I-2022 II | 22680 | " |
| 7 | 15/737A | ബൈജു.ബി.ജി | 2021-22 II | 2118 | കോഴി വളർത്തൽ ഷെഡ് |

മേൽ പട്ടികയിലെ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

4)മൊബൈൽ ടവറുകൾ

2019-20 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വസ്തുനികുതി കുടിശ്ശികയായിട്ടുള്ള മൊബൈൽ ടവറുകൾക്ക് 2020-21 സാമ്പത്തിക വർഷത്തിലും വസ്തുനികുതി കുടിശ്ശികയായി തന്നെ നിലനിൽക്കുന്നു.

III.2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

IV.2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)-ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. അത്തരത്തിൽ തയ്യാറാക്കിയ മാപ്പിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 48/14.06.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങൾ പരിശോധിച്ച് ഉടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ- ചട്ടങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ

വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1200 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 07 വളർത്തു നായകൾക്ക് മാത്രമാണ് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് . വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -47 /14.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച

1. 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതും ടി സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി അപേക്ഷകനു ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

കല്ലറ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2020-21ൽ പുതിയതായി രജിസ്റ്റർ ചെയ്യപ്പെട്ട ക്രൗൺ ഡെന്റൽ ക്ലിനിക് എന്ന സ്ഥാപനത്തിന്റെ അപേക്ഷയിന്മേൽ മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് ലഭ്യമല്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/09.06.2022യ്ക്ക് പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. 2019-20ൽ സിറ്റി ഡെന്റൽ ക്ളിനിക് എന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കുകയോ,പുതുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 2020-21ൽ പ്രസ്തുത സ്ഥാപനം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് 50/-രൂപ ഒടുക്കിയിട്ടുണ്ട്. അപേക്ഷയിൽ അപേക്ഷകൻ ഒപ്പിട്ടിട്ടില്ല. സെക്രട്ടറിയോ,ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. രജിസ്റ്റർ പ്രകാരം 2019-20ൽ രജിസ്ട്രേഷൻ ഉള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2020-21ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | 2019-20ലെ രജിസ്ട്രേഷൻ നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 06/19-20 | ദേവി ക്ലിനിക് |
| 2 | 07/19-20 | ശ്രീഗോകുലം മെഡിക്കൽ കോളേജ് റൂറൽ ഹെൽത്ത് സെന്റർ |
| 3 | 08/19-20 | വിജി എസ്,കുന്നുംപുറത്ത് വീട് |
| 4 | 10/19-20 | സായാനാസ് ക്ളിനിക്കൽ ലബോറട്ടറി |
| 5 | 11/19-20 | നാഷണൽ സ്കാൻസ് ഡയഗണോസ്റ്റിക് സെന്റർ |
| 6 | 12/19-20 | നിഷ ആശുപത്രി |
| 7 | 13/19-20 | ജി ജി ഡെന്റൽ ക്ളിനിക് |
| 8 | 14/19-20 | ബാബു നാച്ചുറൽ ആയുർവേദിക് ആശുപത്രി |
| 9 | - | സാന്ത്വനം ഹെൽത്ത് കെയർ |

4. സഞ്ചയയിൽ ആശുപത്രിയായി പ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| Building ID | Door NO | Owner Name | Owner Address |
|---|---|---|---|

| | | | |
|---|---|---|---|
| 50247010003879 | 1/249/ | Basheer | Pulari |

മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് പിഴ സഹിതം ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ രജിസ്റ്ററുകൾ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു-

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്..ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ,അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2) പരിശോധനയ്ക്ക് ഹാജരാക്കിയ 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 വർഷം ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.ഉദാഹരണം ചുവടെ ചേർക്കുന്നു:-

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/968 | എ.അൻസാരി | ടെക്സ്റ്റയിൽസ് |
| 2 | 1/1054 | ഷജീല | ഭാരതി ഓട്ടോ സർവ്വീസ് |

3.2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2019-2020 ൽ ലൈസൻസ് എടുത്ത് പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളും 2020-21 ൽ ലൈസൻസ് പുതുക്കിയിട്ടില്ല.വ്യത്യാസം ചുവടെ ചേർക്കുന്നു-

| ക്രമ നമ്പർ | ഇനം | രജിസ്റ്റർ പ്രകാരമുള്ള എണ്ണം | 2019-20 രജിസ്റ്റർ പ്രകാരമുള്ള എണ്ണം |
|---|---|---|---|
| 1 | വ്യവസായ സ്ഥാപനങ്ങൾ | 299 | 321 |
| 2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 08 | 14 |
| 3 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | 2 | 7 |
| 4 | ലൈവ് സ്റ്റോക്ക് ഫാമുകൾ | 3 | 6 |
| ആകെ | | 312 | 348 |

4) ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപേക്ഷകൾ( നം201 മുതൽ 250 വരെയുള്ള) പരിശോധിച്ചതിൽ താഴെപ്പറയുന്ന ഉപയോഗക്രമങ്ങളില്ലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യകത |
|---|---|---|---|---|---|
| 1. | X/114 | ശശികല | പാർപ്പിടം | മിതൃമല സർവ്വീസ് സഹകരണ ബാങ്ക് | വളം വിൽപ്പന |
| 2. | XI/591 | ബാബു | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | മുരളീധരൻപിള്ള | ടയർ റീമോൾഡിംങ് |

5) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ചിട്ടുള്ള 2340 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 312 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വിശദാംശം ചുവടെ-

| ക്രമ നമ്പർ | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ | 13 റിക്കോർഡ്സ് |
| 2 | ഓഫീസ് ആവിശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 10 റിക്കോർഡ്സ് |
| 3 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 85 റിക്കോർഡ്സ് |
| 4 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 131 റിക്കോർഡ്സ് |
| 5 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 2082 റിക്കോർഡ്സ് |
| 6 | വാണിജ്യാവിശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 9 റിക്കോർഡ്സ് |
| 7 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 10 റിക്കോർഡ്സ് |
| ആകെ | | 2340 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/14.06.2022ന് കോവിഡ് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാലാണ് മേൽ അപാകങ്ങൾ സംഭവിച്ചെന്നാണ് മറുപടി നൽകിയത്.

ഗ്രാമപഞ്ചായത്തിലുള്ള 17വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്. 2017ൽ കേരള പഞ്ചായത്ത് രാജ് (അപകടകരമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങൾ പരിഷ്കിച്ചതിനാൽ ഗണ്യമായ വരുമാന വർദ്ധനവ് ഈയിനത്തിൽ ഉണ്ടാകേണ്ടതാണ്. പ്രാദേശിക പരിശോധനയിലൂടെ കൃത്യമായ ഡിമാന്റ് നിർണയിച്ച് വരുമാന നഷ്ടം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 ലൈസൻസില്ലാതെ ഓഡിറ്റോറിയം /കല്ല്യാണമണ്ഡപങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വിവരാവകാശ ഫയൽ നമ്പർ എ2.2376/21 തീയതി 05.05.2021 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടില്ല.

| ക്രമ നം | കെട്ടിട നം | പേര് |
|---|---|---|
| 1. | 6/140 | ഗീതാഞ്ജലി ഓഡിറ്റോറിയം,പാട്ടറ,കല്ലറ |
| 2. | 01/407 | എ.ആർ മിനി ഹാൾ,കല്ലറ |

| | | |
|---|---|---|
| 3. | 11/61 | എം.എസ് ഓഡിറ്റോറിയം,മുതുവിള |
| 4. | 01/169 | നഫസ് ഓഡിറ്റോറിയം,കല്ലറ |
| 5. | 02/618 | ശരവണ ഓഡിറ്റോറിയം,കല്ലറ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 61/15.06.22ക്ക് 20-21 സാമ്പത്തിക വർഷം കോവിഡ് കാരണം തുറന്ന് പ്രവർത്തിക്കാത്തതിനാലാണ് ലൈസൻസ് അനുവദിക്കാത്തതെന്നാണ് മറുപടി ലഭ്യമാക്കിയത്.മേൽ സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷം വരെ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെയും കോവിഡ് ഇളവ് സംബന്ധിച്ച ഭരണസമിതി തീരുമാന പ്രകാരം ഇളവ് നൽകിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ഇ-ടെണ്ടർ-ടെണ്ടർഫോറം വില ലഭ്യമാക്കിയില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ടെണ്ടർ ഫീസിനത്തിൽ2020-21 വർഷം 185996/- രൂപ ലഭിക്കാനുണ്ടെന്നും ടി തുക ലഭിക്കുന്നതിനായി ജില്ലാപഞ്ചായത്തിൽ കത്തു നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം. 2ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർഫോറമിനത്തിൽ ലഭ്യമാക്കാനുള്ള തുക ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 ചെലവ് വൗച്ചർ പരിശോധനയിൽ കണ്ട അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ ചെലവ് വൗച്ചറുകൾ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1.വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന താഴെ പറയുന്ന അഡ്വക്കേറ്റ്മാർക്ക് 2020-21 സാമ്പത്തിക വർഷം താഴെച്ചേർക്കുംവിധം ഫീസ് നല്കിയിട്ടുണ്ട്

| ക്രമ നം | പേര് | കേസ് | തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|---|---|---|
| 1 | ശിവൻ മഠത്തിൽ | WP(c)8004/17,CC© 1084/17 | 55000 | Vr No.22000014 | 13.04.2020 | 55 |

വരുമാന നികുതി വകുപ്പിന്റെ 194 (J) ആക്ട് പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും ഒരു വർഷം അവർക്ക് നല്കുന്ന ഫീസ് 30000/- രൂപയിൽ കൂടുതൽ ആണെങ്കിൽ ആയതിൽ നിന്നും 10% തുക വരുമാന നികുതിയായി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഫീസിനത്തിൽ വാങ്ങുന്ന വ്യക്തി നേരിട്ടല്ല അടവാക്കേണ്ടത്. ഇത്തരത്തിൽ ഫീസ് അനുവദിക്കുമ്പോൾ നിയമാനുസൃത നികുതി സ്ഥാപനം തന്നെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികയിൽ ചേർത്തിട്ടുള്ള അഭിഭാഷകനു നൽകിയ ഫീസിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്തിയതായി കാണുന്നില്ല. നിയമാനുസൃത നികുതി സ്ഥാപനം തന്നെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ് .

2.സർക്കാർ ഉത്തരവിനു വിരുദ്ധമായി ഡെഫേർഡ് സാലറി ഒറ്റതവണയായി പിൻവലിച്ചു വിതരണം ചെയ്തു

.സർക്കാർ ഉത്തരവിനു വിരുദ്ധമായി ഡെഫേർഡ് സാലറി ഒറ്റതവണയായി പിൻവലിച്ചു വിതരണം ചെയ്തിട്ടുണ്ട്- ജി.ഒ(പി) നം. 43/2021/Fin Dated 26.2.2021 പ്രകാരം ഡെഫേർഡ് സാലറി ഏപ്രിൽ 2021 മാസത്തെ ശമ്പളം മുതൽ അഞ്ചു തുല്യ ഗഡുക്കളായി തിരികെ നൽകാനാണ് സർക്കാർ നിർദ്ദേശമുണ്ടായിരുന്നത്. എന്നാൽ ചെക്ക് നം.2001203/30.3.2021 (വൗച്ചർ നം.22001427) പ്രകാരം ഒറ്റ ഗഡുവായി ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന മുഴുവൻ തുകയും (510436/-) നൽകിയതായി കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അഞ്ചു ഗഡുവായി നൽകേണ്ടിയിരുന്ന തുക ഒറ്റത്തവണയായിട്ടാണ് നൽകിയത്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 60/14.06.22ന് ജീവനക്കാരിൽ നിന്നും 5 ഗഡുക്കളായി പിടിച്ച ഡെഫേർഡ് സാലറി തുക ഒറ്റത്തവണയായി ട്രഷറിയിൽ നിന്നും തനത് ഫണ്ടിന്റെ ഐ ഒ ബി അക്കൗണ്ടിലേക്ക് മാറ്റിയ സാഹചര്യത്തിലാണ് ജീവനക്കാർക്ക് ഇത്തരത്തിൽ ഒറ്റ ഗഡുവായി നൽകാനിടയായത് എന്നാണ് മറുപടി നൽകിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അഞ്ചു ഗഡുവായി നൽകേണ്ടിയിരുന്ന തുക ഒറ്റത്തവണയായി നൽകിയതിന് സർക്കാർ സ്പഷ്ടീകരണം വാങ്ങേണ്ടതാണ്.

3.'കില" യുടെ നിർദ്ദേശപ്രകാരം ചെലവഴിച്ച തുക പൂർണ്ണമായും തിരികെ ലഭ്യമാക്കിയില്ല.

2020-21 സാമ്പത്തികവർഷത്തിൽ 2021 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചതിന് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം -25925/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ചെലവുകളുടെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് കില യിൽനിന്നും റിഫണ്ട് ലഭിക്കുമെന്ന നിർദ്ദേശപ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | | തുക |
|---|---|---|---|
| 1 | 22001239/19.02.21 | KILA Online Training Expense | 14000 |
| 2 | 22001134/28.01.21 | ,, | 8500 |
| 3 | 22001135/28.01.21 | ,, | 3000 |
| 4 | 22001186/03.02.21 | ,, | 425 |
| | | ആകെ | 25925 |

25925/-രൂപയിൽ 19687.5 രൂപ 28.01.21ന് തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിലെ ഏതൊക്കെ ഇനത്തിലുള്ള തുകയാണ് തിരികെ ലഭ്യമായതെന്നതിന്റെ കൃത്യത ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 60/14.06.22ന് തിരികെ ലഭിക്കുവാനുള്ള 6237.5 രൂപയുടെ ഒറിജിനൽ വൗച്ചറുകൾ റീക്കുപ്പ് ചെയ്യുന്നതിനായി DDP ഓഫീസിൽ നല്കിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. ആയത് തിരികെ ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ലോഗ് ബുക്ക്-സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിക്കുന്നില്ല

വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1)KL21 C 1133 എന്ന നമ്പർ ബൊലേറോ ആണ് കല്ലറ ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം. കോളം നമ്പർ 3 ൽ വാഹനത്തിന്റെ യാത്രയുടെ ആരംഭം കല്ലറ ഗ്രാമ പഞ്ചായത്ത് കാര്യാലയം ആയി രേഖപ്പെടുത്തുന്നുണ്ടെങ്കിലും കോളം നമ്പർ 9 ൽ ലക്ഷ്യ സ്ഥാനം രേഖപ്പെടുത്തിയിട്ടില്ല. കോളം നമ്പർ 5 ൽ യാത്രയുടെ ഉദ്ദേശ്യം രേഖപ്പെടുത്തേണ്ട കോളത്തിലാണ് പോയ സ്ഥലം രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രയുടെ ലക്ഷ്യ സ്ഥാനം കല്ലറ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും എത്ര കി.മീ അകലെയാണെന്നും ഹാൾട്ട് ചെയ്ത സമയം എത്രയാണെന്നും ലോഗ് ബുക്കിൽ എഴുതിയിട്ടില്ല, പകരം പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും പുറപ്പെട്ട് പഞ്ചായത്ത് കാര്യാലയത്തിൽ തന്നെ തിരിച്ചെത്തുമ്പോൾ സഞ്ചരിച്ച ആകെ ദൂരമാണ് രേഖപ്പെടുത്തുന്നത്. ആയതിനാൽ ഓരോ ട്രിപ്പിലും ലക്ഷ്യ സ്ഥാനത്തേക്ക് പോയി വരാനുള്ള ശരിയായ ദൂരം തന്നെയാണോ സഞ്ചരിച്ചിട്ടുള്ളതെന്നോ മറ്റ് അനൗദ്യോഗിക യാത്രകൾ നടത്തിയിട്ടുണ്ടെന്നോ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) 2020 ഏപ്രിൽ, മെയ് മാസങ്ങളിലെ ലോഗ് ബുക്ക് സംക്ഷിപ്തം സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11- 1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മറ്റുള്ള മാസങ്ങളിൽ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3)സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം-1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ വാങ്ങിയ സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ. (ഉദാ:വൗച്ചർനം.22000131,ചെക്ക് നം .066333/13.05.20 പ്രകാരം 9200/- രൂപ ടയർ വാങ്ങുന്നതിനായി ചെലവ് ചെയ്തിട്ടുണ്ട്)
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

4)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.170/07/തസ്വഭവ തിയതി 30-06-2007 പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5)2020 ജൂൺ മാസം മുതൽ വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ഉദാ:വൗച്ചർനം.220000107,ചെക്ക് നം .066322/08.05.20 പ്രകാരം 14363/- രൂപ ഇന്ധനം നിറയ്ക്കുന്നതിനായി ചെലവ് ചെയ്തിട്ടുണ്ട്)

6)ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

7)പ്രസിഡന്റ്, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഒഴികെയുള്ള ഉദ്യോഗസ്ഥർ തങ്ങൾ നടത്തിയ യാത്രകൾക്ക് ലോഗ് ബുക്കിൽ കൃത്യമായി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/09.06.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതാണ്.

## 1-21 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കൃഷി ഓഫീസർ 2020-21 ൽ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു

2020-21 ൽ കൃഷി ഓഫീസറുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്/അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2)ഗുണഭോക്താക്കളുടെ ഭൂമി കൃഷിക്ക് അനുയോജ്യമാണെന്നോ,കൃഷി ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുള്ളത്.

3) 2020-21 ൽ നടപ്പിലാക്കിയ പദ്ധതികളുടെ വ്യക്തിഗത അപേക്ഷകളിൽ കൃഷി ഓഫിസർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരും പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള 2020-2021 വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഖ. 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) പരിശോധനയ്ക്കായി ലഭ്യമാക്കിയ 2020-21 വർഷത്തെ ക്യാഷ് ബുക്ക്, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകൾ എന്നിവയിലൊന്നും കൃഷി ഓഫിസർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 62/15.06.22 ന് വരും വർഷങ്ങളിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-22 പ്രവൃത്തികൾ പൂർത്തിയായ ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്ന

1) സ.ഉ. (പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുമ്പോൾ തന്നെ എസ്റ്റിമേറ്റ് റിവൈസ്

ചെയ്യേണ്ടതും, ഇതിലേക്കായി പ്രവൃത്തി പൂർത്തിയാകുന്നതുവരെയോ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടം വരെയോ കാത്തിരിക്കേണ്ടതില്ലായെന്ന് വ്യക്തമാകുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ ചില മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇപ്രകാരം ഉചിത സമയങ്ങളിൽ റിവൈസ് ചെയ്യാതെ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം റിവൈസ് ചെയ്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര്, എം. ബുക്ക് നം | പ്രവൃത്തി പൂർത്തീകരിച്ച തീയതി (എം ബുക്ക് പ്രകാരം) | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അംഗീകാരം ലഭിച്ച തീയതി |
|---|---|---|---|
| 1 | 243/21<br>ദാവൂദ് കോളനി കുടിവെള്ള പദ്ധതി-സംരക്ഷണവും അനുബന്ധ സൗകര്യമൊരുക്കലും<br>എം.ബുക്ക് നം. 67/4.8.2020, 63/4.8.20 | 28.09.2020 | 06.10.2020 തീയതിയിലെ 2(11) നം. തീരുമാനം |
| 2 | 57/21<br>കല്ലറ ബസ് സ്റ്റേഷൻ വെയിറ്റിംഗ് ഷെഡ് നവീകരണം<br>Mbook No- രേഖപ്പെടുത്തിയിട്ടില്ല | 06.01.2021 | 15.02.2021 തീയതിയിലെ 9(2) നം. തീരുമാനം |

2) പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിനൊപ്പം ഇനി പറയുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതായുണ്ട്.

(I) വേരിയേഷൻ സ്റ്റേറ്റ്മെന്റ്-അനുബന്ധം 1600E പ്രകാരമുള്ള ഫോറത്തിൽ -പ്രധാന വ്യതിയാനവും വ്യതിയാനത്തിന്റെ കാരണവും ആയതിന്റെ സാമ്പത്തിക ഫലങ്ങളും ഉൾക്കൊള്ളുന്നത്.

(Ii) കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ്- അനുബന്ധം 1600F ( ഫോറം നം. D.B. 4-ൽ) -ഒറിജിനൽ എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ പ്രകാരം ഓരോ ഇനത്തിന്റേയും അളവുകളും ആയതിന്റെ തുകയും ഉൾക്കൊള്ളുന്നത്.

എന്നാൽ മേൽ രേഖകൾ ഒന്നും തന്നെ ക്രമനം. 1ലെ പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ക്രമ നം 2 ലെ പ്രവൃത്തിയിൽ ചെക്ക് നം. 767929/30.3.21 പ്രകാരം കരാറുകാരന് 562152/- രൂപ നൽകിയിട്ടുണ്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ്, കംപാരിറ്റീവ് സ്റ്റേറ്റുമെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ എം.ബുക്ക് പ്രകാരമുള്ള (എം.ബുക്ക് നം, രേഖപ്പെടുത്തിയിട്ടില്ല.) പ്രവൃത്തിമൂല്യത്തിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 33 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് പ്രവൃത്തികൾ നിർവഹിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച

| | |
|---|---|
| പ്രോജക്ട് നമ്പർ | S0275/21 |
| പേര് | കളക്ടേഴ്സ് അറ്റ് സ്കൂൾ (ഗവ.ഹൈസ്കൂൾ എൽ.പി./യു.പി) |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് 300000 |
| ചെലവ് തുക/ചെക്ക് നമ്പർ | 283807+(സുലേഖ പത്രിക പ്രകാരം)<br>767935/31.3.2021 നമ്പർ ചെക്ക് മുഖേന 273671/- |
| എം.ബുക്ക് നം. | 514/9.9.20 |
| എഗ്രിമെന്റ് നം. | 68/AE/LSGD/KLR/20-21/1.2.2021 |
| കരാറുകാരൻ | എസ്.ആർ.ദാസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

56 വേസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 30.07.2015 തിയ്യതിയിലെ G.O(P) No. 324/2015/Fin ഉത്തരവ് പ്രകാരം മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ പ്രക്രിയയിൽ ആദ്യ വേളയിൽ സിംഗിൾ ടെണ്ടർ മാത്രമാണ് ലഭ്യമായിട്ടുള്ളതെങ്കിൽ ആയത് ഓപ്പൺ ചെയ്യേണ്ടതില്ലായെന്നും ഒന്നുകിൽ റീ ടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ സ്വീകരിക്കുന്ന തീയതി 15 ദിവസം കൂടി നീട്ടണമെന്നും, അപ്രകാരം 15 ദിവസത്തിനകം മറ്റു ബിഡ്ഡുകൾ ലഭിച്ചിട്ടില്ലായെങ്കിൽ പോലും ആദ്യ തവണ ലഭിച്ച സിംഗിൾ ടെണ്ടർ ഓപ്പൺ ചെയ്യരുതെന്നും റീ ടെണ്ടർ നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് റീ-ടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾക്കൊള്ളുന്ന കമ്മിറ്റിക്ക് ആയത് പരിശോധിച്ച് സിംഗിൾ ടെണ്ടർ അംഗീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ, ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത പദ്ധതിയിൽ സിംഗിൾ ടെണ്ടർ

ആണ് കാണുന്നത്. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നം. 190ൽ സിംഗിൾ ടെണ്ടർ ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത് റീടെണ്ടർ ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി റീടെണ്ടർ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല

2. ഗവ. എൽ.പി.എസ് പരപ്പിൽ 3 വേസ്റ്റ് ബിൻ കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 53 വേസ്റ്റ് ബിൻ കൈപ്പറ്റിയ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

3. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് 283807 രൂപയാണ്. എന്നാൽ കരാറുകാരന് നൽകിയ തുക മാത്രമാണ് ചെക്ക് നം. 767935/31.3.2021-(273671/-) മുഖേന എഇയുടെ പേരിലുള്ള അക്കൌണ്ട് നം. 38625422728 പ്രകാരം പിൻവലിച്ചിട്ടുള്ളത്. ജി.എസ്.ടി, ഇൻകംടാക്സ് എന്നീ ഇനങ്ങളിൽ ചെലവുള്ളതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 ടെണ്ടർ കിഴിവ് നടത്തിയതിൽ പിഴവ്- 3,500/- രൂപയുടെ അധിക ചെലവ്.

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്യു പനക്കുന്നത്ത് അമ്പലം റോഡ് മുതൽ കോൺക്രീറ്റ് ചെയ്യിടം വരെ (പ്രൊജക്ട് നം. 015/21) എന്ന പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ 17.67% ടെണ്ടർ കിഴിവ് നടത്തുന്നതിനു പകരം 16.67% കിഴിവ് നടത്തിയതിലെ പിഴവ് മൂലം 3,500/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രൊജക്ട് നം.</td><td colspan="3">015/21 (പനക്കുന്നത്ത് അമ്പലം റോഡ് മുതൽ കോൺക്രീറ്റ് ചെയ്യിടം വരെ )</td></tr>
<tr><td>നിർവ്വഹണോദ്യോഗസ്ഥൻ</td><td colspan="3">അസിസ്റ്റന്റ് എഞ്ചിനീയർ</td></tr>
<tr><td>അടങ്കൽ</td><td colspan="3">₹ 3,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)</td></tr>
<tr><td>എസ്റ്റിമേറ്റ് തുക</td><td colspan="3">₹ 3,50,000/-</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="3">419/20-21</td></tr>
<tr><td>ആകെ അളവ് മൂല്യം</td><td colspan="3">3,12,448/-</td></tr>
<tr><td>കരാറുകാരൻ</td><td colspan="3">ശ്രീ. വിനോദ് എസ്</td></tr>
<tr><td>ക്വോട്ട് ചെയ്യ നിരക്ക്</td><td colspan="3">എസ്റ്റിമേറ്റ് നിരക്കിനെക്കാളും 17.67 % കുറവ്.</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="3">നം.08/AE/LSGD/KLR/2020-21തീയതി: 06.08.2021</td></tr>
<tr><td rowspan="2">കരാറുകാരന് നൽകിയ തുകയുടെ വിവരം</td><td>ബിൽ നം. തീയതി</td><td>ബിൽ തുക</td><td>കരാറുകാരന് നൽകിയ തുക</td></tr>
<tr><td>87/17.3.21</td><td>₹ 2,91,607/-</td><td>₹ 2,81,191/-</td></tr>
</table>

പ്രസ്തുത പ്രവൃത്തിക്കായി താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.

| ക്രമ നം | പേര് | ക്വോട്ട് ചെയ്യ നിരക്ക് |
|---|---|---|
| 1 | ശ്രീ. അനിൽ സി. ബി | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 17.19% കുറവ്. |
| 2 | ശ്രീ. വിനോദ് എസ് | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 17.67% കുറവ്. |

ആയതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യ ശ്രീ. വിനോദ് എസ് (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 17.67% കുറവ്) എന്ന കരാറുകാരന്റെ ടെണ്ടർ 07.07.2020 തിയ്യതിയിലെ ഭരണസമിതി തീരുമാനം നം 3(1) പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് താഴെ പറയും പ്രകാരം 2,81,191/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് നം 09 പ്രകാരം) | ₹ 3,12,448/- |
| (-) 16.67 % ടെണ്ടർ കിഴിവ് | ₹ 52,085/- |
| | ₹ 2,60,363/- |
| (+) 12% GST | ₹ 31,244/- |
| ആകെ | ₹ 2,91,607/- |
| (-) ആദായ നികുതി 1% | ₹ 2,604/- |
| (-) KCWWF 1% | ₹ 2,604/- |
| (-) GST2% | ₹ 5,208/- |
| കരാറുകാരന് നൽകിയ തുക | ₹ 2,81,191/- |

ഇപ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ 17.67% ടെണ്ടർ കിഴിവ് നടത്തുന്നതിനു പകരം 16.67% കിഴിവാണ് നടത്തിയത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ഇനി പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 3,12,448/- |
| (-) 17.67% ടെണ്ടർ കിഴിവ് | ₹ 55,210/- |
| ആകെ | ₹2,57,238/- |
| (+) 12% GST | ₹ 30,869/- |
| ആകെ | ₹ 2,88,107/- |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 2,88,107 /- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 2,91,607/- |
| അധികം ചെലവഴിച്ച തുക | ₹ 3,500/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി നൽകിയ 3500/- രൂപ ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയരുടെ പേരിലുള്ള അക്കൌണ്ടിൽ 950853/- രൂപ നീക്കിയിരിപ്പ്- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ, കല്ലറയുടെ പേരിൽ എസ്.ബി.ഐ കല്ലറ ശാഖയിൽ അക്കൌണ്ട് നം. 38625422728 പ്രകാരം ഒരു അക്കൗണ്ട് നിലവിലുള്ളതായി കാണുന്നു. 01.04.2020 മുതൽ 31.3.2021 വരെയുള്ള ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ 209214/- രൂപ മുന്നിരിപ്പും 950853/- രൂപ നീക്കിയിരിപ്പും പ്രസ്തുത അക്കൗണ്ടിൽ ഉണ്ട്..

1. G.O(p) No.119/2015/Fin Dated 21.3.2015 ക്രമ നം. 4 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ സാംഖ്യയിൽ നിന്ന് ജനറേറ്റ് ചെയ്ത കണ്ടിജന്റ് ബില്ലുകൾ ഉപയോഗിച്ച് നേരിട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യാനാണ് നിർദ്ദേശമുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കാൻ മേൽ ഉത്തരവിൽ നിർദ്ദേശമില്ലാതിരിക്കെ അപ്രകാരം ചെയ്തതിന്റെ കാരണം വ്യക്തമല്ല.

2. ഇപ്രകാരം പ്രസ്തുത അക്കൗണ്ടിൽ 950853/- രൂപ നീക്കിയിരിപ്പുണ്ടായതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 41 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത്ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രോജക്ടുകളുടെ ചെലവിനത്തിൽ (കരാറുകാരന് നൽകേണ്ട തുക, ജി.എസ്.ടി, ഇൻകംടാക്സ്, വർക്കേഴ്സ് വെൽഫയർഫണ്ട് ക്ഷേമനിധി വിഹിതംഎന്നിവയുൾപ്പടെ) ചെക്ക് മുഖേന ലഭിക്കുന്ന തുക എ.ഇയുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ അതിൽ നിന്ന് കരാറുകാരന് നൽകാനുള്ള തുക മാത്രമാണ് പിൻവലിച്ചതായി കാണുന്നത്. ജി.എസ്.ടി, ഇൻകംടാക്സ്, വർക്കേഴ്സ് വെൽഫയർ ഫണ്ട് ക്ഷേമനിധി വിഹിതം എന്നിങ്ങനെ നിയമാനുസൃതം ഒടുക്കേണ്ട തുകകൾ പ്രസ്തുത അക്കൗണ്ടിൽ നിന്ന് പിൻവലിച്ചതായി കാണുന്നില്ല. ഉദാഹരണമായി പ്രോജക്ട് നം. 11/21, മുക്കുതോട് പാറമുകൾ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയ്ക്കായി ചെക്ക് നം. 2150830/9.11.20 പ്രകാരം 697779/- രൂപ തനത് ഫണ്ടിൽ നിന്ന് എ.ഇയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എ.ഇയുടെ പേരിലുള്ള അക്കൗണ്ട് നം 38625422728 പരിശോധിച്ചതിൽ 10.11.2020ൽ മേൽത്തുക വരവ് വന്നിട്ടുണ്ട്. എന്നാൽ 11.11.2020ൽ ചെക്ക് നം. 767911 പ്രകാരം കരാറുകാരന് നൽകേണ്ട 672859/- രൂപ മാത്രമേ പ്രസ്തുത അക്കൌണ്ടിൽ നിന്ന് പിൻവലിച്ചിട്ടുള്ളൂ. മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നീ ഇനത്തിൽ എപ്രകാരമാണ് തുക അവശേഷിക്കുന്നതെന്ന് വിശദീകരിക്കേണ്ടതും G.O(p) No.119/2015/Fin Dated 21.3.2015 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ അക്കൗണ്ട് ആരംഭിക്കാൻ നിർദ്ദേശമില്ലാതിരിക്കെ അപ്രകാരം ചെയ്തതിന് കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-26 സ്പിൽ ഓവർ പദ്ധതികൾ -തൻവർഷവും നടപ്പിലാക്കിയിട്ടില്ല

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത പ്രോജക്ട് നം.234, 237,206,209, 200, 222, 203, 202, 216 എന്നിവ തൻവർഷം സുലേഖ എക്സ്പെൻഡിച്ചർ

സ്റ്റേറ്റുമെന്റ് പ്രകാരം നടപ്പിലാക്കിയതായി കാണുന്നില്ല. ഇതു വഴി ഫണ്ട് ലാപ്സാകുന്നതിന് കാരണമായി. മേൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 4 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-27 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-2047532/-രൂപ തടസ്സം ചെയ്യുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | പ്രോജക്ട് നം./പേര് | സുലേഖ പ്രകാരമുള്ള ചെലവ്(ഫണ്ടിനം) |
|---|---|---|
| 1 | 233,പ്ലാക്കോട് അംഗൻവാടി അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | റോഡിതരം, 193733<br>ബിൽ നം. 41/18.8.2020 |
| 2 | 158, കുന്നംപുറം കോളനി റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട്(റോഡിതരം) 393830<br>ബിൽ നം. 45/28.8.21 |
| 3 | 208, പ്ലാക്കോട് ഇലങ്കം റോഡ് റീടാറിംഗ് | മെയിന്റനൻസ് ഫണ്ട്(റോഡ്)401119<br>ബിൽ നം. 89/17.3.21 |
| 4 | 142, ഇടത്തട്ട് നാണംകോട് -കീഴാർ റോഡ് റീടാറിംഗ് | മെയിന്റനൻസ് ഫണ്ട്(റോഡ്) 864375<br>ബിൽ നം. 15/28.4.20-368949<br>ബിൽ നം.18/28.4.20-495426 |
| 5 | 150, പരപ്പിൽ മൃഗാശുപത്രി റോഡ് കോൺക്രീറ്റിംഗ് | ധനകാര്യകമ്മീഷൻ ഗ്രാന്റ്194475<br>ബിൽ നം. 24/9.6.21 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.59 മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 2047532/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഉണ്ണിമുക്ക് മേലെ വെള്ളംകുടി തീപ്പെട്ടി ഓഫീസ് റോഡ് -എം ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 482508/- രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0232/21 |
| പേര് | ഉണ്ണിമുക്ക് മേലെ വെള്ളംകുടി തീപ്പെട്ടി ഓഫീസ് റോഡ് പുനരുദ്ധാരണം |
| അടങ്കൽ | തനത് ഫണ്ട് 520000 |
| ചെലവ് | ചെക്ക് നം. 2150824/23.10.20- 482508 |
| എം.ബുക്ക് നം. | ലഭ്യമാക്കിയില്ല |
| എഗ്രിമെന്റ് നം. | 57/AE/LSGD/KLR/20-21/7.3.2020 |
| കരാറുകാരൻ | എസ്.ആർ.ദാസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചെക്ക് നം. 2150824/23.10.20 പ്രകാരം 482508/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്തിട്ടുണ്ട്. എം.ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. എം. ബുക്കിന്റെ അഭാവത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി വിനിയോഗിച്ച 482508/- രൂപ തടസ്സം ചെയ്യുന്നു. എം.ബുക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 കുറഞ്ഞ തുകയിലുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചു.

കേരള ഫിനാൻസ് ആക്ട് 2018(4) (A) (F) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപേപ്പറിലാണ് കരാർ ചമയ്ക്കേണ്ടത് (കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി നിജപ്പെടുത്തിയിട്ടുമുണ്ട്). എന്നാൽ കല്ലറ ഗ്രാമ പഞ്ചായത്തിൽ നിർവഹണം നടത്തിയ ചില മരാമത്ത് പ്രവൃത്തികൾക്ക് കരാർ ഉടമ്പടി തയ്യാറാക്കുന്നതിന് കുറഞ്ഞ തുകയുടെ മുദ്രപ്പത്രം ഉപയോഗിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | കരാർ | കരാറുകാരന്റെ | കരാർ | ഉപയോഗിച്ച | ഉപയോഗി |
|---|---|---|---|---|---|

| | തുക | പേര് | ഉടമ്പടി നമ്പർ, തിയ്യതി | മുദ്രപത്രത്തിന്റെ മൂല്യം | ഭേണ്ടിയിരുന്ന മൂല്യം |
|---|---|---|---|---|---|
| 89/21 പ്ലാക്കോട് ഇലങ്കം റോഡ് റീ ടാറിംഗ് | 4,04,672/- | ഷംനാദ് എൻ എസ് | 64/AE/LSGD /KLR/19-20, 11.03.2020 | 200/- | 450/- |
| 100/21 വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണികൾ | 4,68,433/- | സലിം ജെ | 70/AE/LSGD /KLR/20-21, 15.02.2021 | 200/- | 500/- |

ഇപ്രകാരം സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടാതിരുന്നത് മൂലം സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട തുകയിൽ നഷ്ടമുണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 35 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരൻ ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകേണ്ടതും ആയത് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്. പ്രസ്തുത കാലയളവിനുള്ളിൽ കരാർ ചമക്കാത്ത പക്ഷം തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ (മിനിമം 1000/- രൂപ, പരമാവധി 25000/- രൂപ) ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ നിശ്ചിത സമയ പരിധിയ്ക്കകം കരാർ ചമക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ ചമച്ച തീയതി, കരാർ തുക | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | 240/21 അരുവിപ്പുറം LPSലെ പെൺകുട്ടികളുടെ ബാത്ത്റൂമിന് മേൽക്കൂര | സലിം ജെ | 20.02.2020 | 05.03.2020 | 11.03.2020 1,00,000/- | 1,000/- |
| 2 | 243/21 ദാവൂദ് കോളനി കുടിവെള്ള പദ്ധതി- സംരക്ഷണവും അനുബന്ധ സൗകര്യമെരുക്കലും | ശിവദാസൻ ആർ | 27.01.2020 | 10.02.2020 | 17.02.2020 3,13,968/- | 3,139/- |
| 3 | 230/21 പരപ്പിൽ സ്കൂളിന് കഞ്ഞിപ്പുര | ഷംനാദ് എൻ എസ് | 20.02.2020 | 05.03.2020 | 11.03.2020 1,50,000/- | 1,500/- |

കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) മേൽ പരാമർശിത കാലയളവായ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട് കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ

ഇപ്രകാരമുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | 1%പിഴ യോട് കൂടി കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ ചമച്ച തീയതി |
|---|---|---|---|---|---|---|
| 1 | 227/21 തെങ്ങുംകോട് എൽ.പി.എസ് കോൺക്രീറ്റ് കെട്ടിടത്തിന് റൂഫ് | അജിത് കുമാർ ആർ എസ് | 10.01.2020 | 24.01.2020 | 03.01.2020 | 11.02.2020 |
| 2 | 14/21 വാഴത്തോപ്പ് ദേവീക്ഷേത്രം- മൺറോഡ് കോൺക്രീറ്റ് | സലിം ജെ | 23.07.2020 | 06.08.2020 | 16.08.2020 | 09.09.2020 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-31 ചിറക്കോണം ഇലങ്കം റോഡ് കോൺക്രീറ്റ് ,സ്ലാബിടൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S043/21 |
| പേര് | ചിറക്കോണം ഇലങ്കം റോഡ് കോൺക്രീറ്റ് ,സ്ലാബിടൽ |
| അടങ്കൽ | തനത് ഫണ്ട് 535940<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് 64060 |
| ചെലവ് | ചെക്ക് നം. 2150849/25.2.2021-113044 |
| എം.ബുക്ക് നം. | 420/5.8.2020 |
| എഗ്രിമെന്റ് നം. | 27/AE/LSGD/KLR/20-21/14.8.2020 |
| കരാറുകാരൻ | ജയകുമാർ.എസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മണ്ണ് റോഡിൽ കോൺക്രീറ്റ് ചെയ്യുന്നതിനും നിലവിലുള്ള ഓടയ്ക്ക് കവറിംഗ് സ്ളാബ് ഇടുന്നതിനുമായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയാണിത്. 4.80മീ നീളവും 2 മീ വീതിയും കനം 0.18 മീ കനവും ഉള്ള കലുങ്കിന്റെ നിർമ്മാണവും മാത്രം നടത്തിയ പ്രസ്തുത പദ്ധതിയിൽ തണ്ണീർത്തടം നികത്തിയാണ് റോഡ് നിർമ്മിക്കുന്നതെന്ന പരാതിയെ തുടർന്ന് 7.5.2021ലെ 1/5 നം. ഭരണസമിതി തീരുമാനപ്രകാരം പദ്ധതി ഒഴിവാക്കിയിട്ടുണ്ട്. ടി പ്രദേശത്ത് തണ്ണീർത്തടം ഉള്ളതിനാലും പരാതികൾ ഉള്ളതിനാലും പ്രവൃത്തി ചെയ്യാൻ കഴിയില്ലായെന്ന കരാറുകാരന്റെ അപേക്ഷ അനുസരിച്ച് പ്രവൃത്തിയുടെ തുടർന്നുള്ള പണികൾ സംബന്ധിച്ച തീരുമാനത്തിനായി ഭരണസമിതിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ,പരാതിക്കാരനായ പുഷ്പരാജന് 27.01.2021ൽ നൽകിയ കത്തിൽ അറിയിച്ചിട്ടുണ്ട്. നെടുമങ്ങാട് തഹസീൽദാർക്ക് വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ പ്രസ്തുത റോഡിൽ ഉദ്ദേശം 92 മീറ്റർ വരുന്ന ഭാഗം വയലിൽകൂടി കടന്ന് ഇലങ്കം- കുറഞ്ചിലക്കാട് റോഡിൽ വന്നു ചേരുന്ന വിധമാണ് നിർമ്മാണം നടക്കുന്നതെന്ന്

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി 92 മീറ്റർ വരുന്ന ഭാഗം റീസർവേ ബ്ലോക്ക് 3ൽ സർവേ നം. 97/5, 97/7,6 വരുന്ന വസ്തുക്കളുടെ അതിർത്തിയിൽ കൂടിയാണ് കടന്നുപോകുന്നതെന്നും റീസർവേറിക്കാർഡിൽ മേൽ വസ്തുക്കൾ നിലം ഇനത്തിലാണ് വരുന്നതെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ചട്ടം 12. 27 എ വകുപ്പ് (2)-ാം ഉപവകുപ്പ് (12) പ്രകാരം ജലസംരക്ഷണ നടപടികൾ നടപ്പിലാക്കേണ്ട ഭൂമിയുടെ വിസ്തൃതി പ്രത്യേക സബ്ഡിവിഷനായി നിലനിർത്തി തണ്ണീർത്തടമായി രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഭൂമിയിൽ യാതൊരു വിധത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ പാടില്ലാത്തതുമാണ്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ചട്ടം 12. 27 എ വകുപ്പ് (2)-ാം ഉപവകുപ്പ് (12) ൽ ഇപ്രകാരം അനുശാസിച്ചിരിക്കെ ചിറക്കോണം ഇലങ്കം റോഡ് കോൺക്രീറ്റ് ,സ്ലാബിടൽ പ്രോജക്റ്റ് ആവിഷ്കരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 56 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ നടപ്പിലാക്കുന്നുവെന്നുറപ്പ് വരുത്തേണ്ട പഞ്ചായത്ത് തന്നെ ഇപ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രോജക്റ്റ് ആവിഷ്കരിച്ചത് ആശാസ്യമല്ല.

## 1-32 തുമ്പൂർമൂഴി എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്-വിവിധ പ്രോജക്റ്റുകളുടെ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചിരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷം തുമ്പൂർ മൂഴി സ്ഥാപിക്കുന്നതിനായി മൂന്ന് പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ടായിരുന്നു. വിശദാംശങ്ങൾ താഴെ.

| | | |
|---|---|---|
| പ്രോജക്റ്റ്നം. 200<br>കല്ലറ ഗ്രാമപഞ്ചായത്ത് ഓഫീസ്, സ്കൂളുകൾ, എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ<br>അടങ്കൽ തുക -ധനകാര്യകമ്മീഷൻ അവാർഡ് 1440000<br>കരാറുകാരൻ- IRCTC<br>ചെലവ്-0 (സുലേഖ പ്രകാരം) | പ്രോജക്റ്റ് നം. 236<br>കല്ലറ മാർക്കറ്റ്, കല്ലറ സി.എച്ച്.സി എന്നിവിടങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കംപോസ്റ്റിംഗ്<br>ധനകാര്യ കമ്മീഷൻ അവാർഡ്-1250000<br>കരാറുകാരൻ-ഷംനാദ്<br>ചെലവ്-316595(സുലേഖ പ്രകാരം) | പ്രോജക്റ്റ് നം. 204<br>കല്ലറ പബ്ലിക് മാർക്കറ്റില് തുമ്പൂർമൂഴി എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ<br>അടങ്കൽ തുക -കേന്ദ്രാവിഷ്കൃതഫണ്ട് 960000<br>കരാറുകാരൻ- IRCTC<br>ചെലവ്-576990(സുലേഖ പ്രകാരം) |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം പ്രോജക്റ്റ് നം. 204 ൽ 576990/- രൂപയും പ്രോജക്റ്റ് നം. 236 ൽ 316595/- രൂപയും ചെലവുണ്ട്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം പ്രോജക്റ്റ് നം. 200 ൽ ചെലവില്ല.

പ്രോജക്റ്റ് നം. 204 ന്റെ ഫയൽ പരിശോധിച്ചതിൽ 2019-20ൽ IRCTC യ്ക്ക് അഡ്വാൻസ് പേമെന്റ് നൽകിയിട്ടുണ്ടെങ്കിലും തൻവർഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല (2019-20 ഓഡിററ് റിപ്പോർട്ട് ഖണ്ഡിക 1-23 കാണുക) 2020-21ൽ ഫയൽ പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് ചെലവില്ല. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 576990/- രൂപ ചെലവുണ്ട്. പ്രോജക്റ്റ് നം.236 ന്റെ ഫയൽ പരിശോധിച്ചതിൽ (എം.ബുക്ക് നം 462/20-21) പ്രകാരം 576990/- രൂപയുടെ ചെലവുണ്ട്(ഡിഡക്ഷൻസ് ഉൾപ്പെടെ). എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 316595/- രൂപയാണ് ചെലവ്. പ്രസ്തുത പദ്ധതിയ്ക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് തുക ചെലവഴിക്കുന്നതിന് പകരം പ്രോജക്റ്റ്നം. 204ന്റെ കേന്ദ്രാവിഷ്കൃതപദ്ധതി ഫണ്ട് വിഹിതത്തിൽ നിന്നും ചെക്ക് നം. 767934/31.3.21 പ്രകാരം 576990/- രൂപ നൽകി. പ്രോജക്റ്റ് നം. 200 ന്റെ ഫയൽ പരിശോധിച്ചതിൽ(എം.ബുക്ക്നം. 453/20-21 ) പ്രകാരം 316595/- രൂപയുടെ ചെലവുണ്ട്. (ബിൽ നം. 95/29.3.21) പ്രസ്തുത തുക IRCTC യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും സുലേഖയിൽ ആയത് പ്രോജക്റ്റ് നം. 236 ന്റെ ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 65 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫണ്ട് വിനിയോഗത്തിൽ പൊരുത്തക്കേടുകൾ സംഭവിച്ചത് ഗൗരവപൂർവ്വം വിലയിരുത്തേണ്ടതാണ്. തുടർ പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ ഫണ്ട് വക മാറ്റിച്ചെലവഴിക്കുന്നത് ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്റ്റുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പുതിയ ആസ്തികൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയ ആസ്തികൾ, ആസ്തികളുടെ അവസാന മെയിന്റനൻസ് നടത്തിയത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 1, 11 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ

മുൻപ് സചിത്ര സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്തിരുന്നുവെങ്കിലും ലഭ്യമായിരുന്ന റോഡുകൾ ആവർത്തിച്ച് വരുന്നതിനാൽ ആസ്തി സംബന്ധിച്ച വിവരങ്ങൾ കൃത്യമല്ലായെന്നും നിലവിൽ ആർട്രാക്കുമായി ബന്ധപ്പെട്ട നടത്തുന്ന നടപടികൾക്കുശേഷം പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, ജിപിഎസ് കോർഡിനേറ്റർ അടിസ്ഥാനമാക്കിയ കണക്ടിവിറ്റി പ്ലാൻ തുടങ്ങി എല്ലാ നോൺ മുവബിൾ ആസ്തികളുടെയും വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-34 ഭരണസമിതി തീരുമാനങ്ങൾ-നടപ്പിലാക്കിയില്ല

ഭരണസമിതി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം താഴെകൊടുക്കുന്നു(ഓഡിറ്റ് എൻക്വയറി നം. 5 ന് ലഭ്യമാക്കിയ മറുപടി)

| ക്രമ നം. | തീയതി | തീരുമാനം നം. | തീരുമാനം | മറുപടി |
|---|---|---|---|---|
| 1kd | 27.4.2020 | 14(1) | കടുവാക്കുഴിക്കര -പാകിസ്ഥാൻ മുക്ക് റോഡിനോട് ചേർന്നുള്ള സർവ്വേ നം, 3487 സ്ഥലത്ത് നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് മണ്ണിട്ട് നികത്തിയ സ്ഥലങ്ങൾ തിരികെ തണ്ണീർത്തടങ്ങളായി നിലനിർത്തുന്നതിനും ആയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനും ടി റോഡിന്റെ ഭാഗം അനധികൃതമായി കൈയേറിയത് ഒഴിപ്പിക്കുന്നതിനും OS No. 839/11 നം, കേസിൽ അപ്പീൽ നിയമനടപടികൾ സ്വീകരിക്കുന്നതിനും തിരുമാനിച്ചു. | അപ്പീൽ നൽകുകയും കേസ് നടന്നുവരികയാണെന്നുമാണ് സ്ഥാപനം അറിയിച്ചിട്ടുള്ളത് |
| 2 | 15.9.2020 | 3(6) | 12-ാം വാർഡിൽ ശ്രീ സുലൈഖയുടെ വീടിന്റെ അതിർത്തിയോട് ചേർന്ന് ശ്രീ. അബ്ബാസ് , കാവുവിള എന്നയാൾ കെട്ടിടത്തിന്റെ ഒന്നാം നില പണിതിട്ടുള്ളതിനെതിരെ എൽ.എസ്.ജി. എ.ഇ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് ഡി.ഡി.പി റിപ്പോർട്ട് ചോദിച്ചിട്ടുണ്ട്. എ.ഇ എൽ.എസ്.ജി.ഡി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വിനിയോഗിച്ച് അനധികൃതനിർമ്മാണം പൊളിച്ചു മാറ്റുന്നതിന് തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി | അനധികൃതനിർമ്മാണം പൊളിച്ചുമാറ്റുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും പൊളിച്ചുമാറ്റിയിട്ടില്ലായെന്നാണ് മറുപടി നൽകിയിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| 3 | 6.10.2020 | 4(4) | കോവിഡ് കെയർ സെന്റർ, ക്വാറന്റയിൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായി സ.ഉ പ്രകാരം പഞ്ചായത്ത് ചെലവഴിച്ച 14010/- രൂപ റീഫണ്ട് ലഭിക്കുന്നതിന് DDMA യോട് അഭ്യർത്ഥിച്ചും തുടർനടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. | തുക ലഭ്യമായിട്ടില്ലായെന്നാണ് അറിയിച്ചിട്ടുണ്ട്. |

ഭരണസമിതി തീരുമാനങ്ങളിൻമേൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-35 ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി

പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 15(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം ചട്ടം എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ, പ്രസ്തുത റിപ്പോർട്ടിന് ആദ്യ മറുപടി നല്കിയിട്ടില്ല

നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0075/21 |
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 399000<br>(വികസന ഫണ്ട്-ജനറൽ 199500, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 99750, ജില്ലാ പഞ്ചായത്ത് വിഹിതം 99750) |
| ചെലവ് | 399000(വികസന ഫണ്ട്-ജനറൽ 199500, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 99750, ജില്ലാ പഞ്ചായത്ത് വിഹിതം 99750) |
| ബിൽ നമ്പർ | ICDS04/20-2021, 03.02.2021 രൂപ99750 /-<br>ICDS09/20-2021, 27.03.2021 രൂപ99750 /-<br>ICDS07/20-2021, 27.03.2021 രൂപ199500/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 29ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. പ്രോജക്ട് പരിശോധിച്ചതിൽ ആകെ 14 വിദ്യാർത്ഥികൾ ഒരു വിദ്യാർത്ഥിക്ക് 28500/- രൂപ ലഭ്യമാകുന്ന തരത്തിൽ ആണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റ് വർഷം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നിങ്ങനെ പദ്ധതി ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.08.2016 ലെ 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. അപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2. 14 വിദ്യാർത്ഥികൾക്ക് 28500/- രൂപ സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട്. ഗ്രാമ പഞ്ചായത്ത് വിഹിതമായി 13000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 7125രൂപയും . ജില്ലാ പഞ്ചായത്ത് വിഹിതമായി 7125/-രൂപയും വിതരണം ചെയ്യേണ്ടിയിരുന്നത്. പ്രോജക്ട് പരിശോധിച്ചതിൽ 29 പേർക്ക് 13759/- തുക നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 57ന് 29 ഗുണഭോക്താക്കൾക്ക് 28500/- രൂപ വീതം നൽകാൻ കഴിയില്ലായെന്ന് രേഖാമൂലം അറിയിച്ചിരുന്നുവെന്നും എന്നാൽ തുക ലഭ്യമല്ലാതിരുന്നതിനാൽ ആകെ തുകയായ 399000/- രൂപ മാത്രമേ ഗുണഭോക്താക്കൾക്ക് നൽകാൻ കഴിഞ്ഞുള്ളുവെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മാനസിക വെല്ലുവിളികളാൽ സമൂഹത്തിൽ വേദനയും കഷ്ടതയും അനുഭവിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ധനസഹായ തുകയും നൽകേണ്ടതാണ്. വരുംവർഷങ്ങളിൽ ഇത്തരം പദ്ധതികൾക്ക് ആവശ്യമായ

തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുവാൻ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-37 മരുന്ന് വാങ്ങൽ- 33601/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S00116/21 |
| പ്രോജക്ടിന്റെ പേര് | മരുന്ന് വാങ്ങൽ |
| അടങ്കൽ | 1000000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 10000000 |
| ബിൽ നമ്പർ | 1/20-21 17.06.2020 – 61500<br>3/20-21 15.07.2020- 32205<br>4/20-21 18.08.2020- 34335<br>5/20-21 22.09.2020- 40620<br>6/20-21 15.10.2020- 379937<br>7/20-21 08.01.2021- 241162<br>8/20-21 19.02.2021- 37170<br>9/20-21 27.03.2021- 173071 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി എച്ച് സി |

കല്ലറ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത പ്രോജക്ട് പ്രകാരം 7/20-21 08.01.2021- 241162 രൂപയുടെ ബില്ലിൽ 139477/-രൂപയും, 9/20-21 27.03.2021- 173071/- രൂപയുടെ ബില്ലിൽ 75000/-രൂപയുമാണ് മരുന്ന് വാങ്ങൽ നടത്തിയിട്ടുള്ളത്. പ്രസ്തുത തുകകൾ യഥാക്രമം 08.01.2021, 28.03.2021 എന്നീ തീയതികളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മരുന്ന് ലഭിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) 7/20-21 08.01.2021- 241162/- രൂപയുടെ ബില്ലിൽ 139477/-രൂപ, 19107/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

| തീയതി | ലഭ്യമായ മരുന്നിന്റെ വിശദാംശം |
|---|---|
| 02.07.2021 | 51308 |
| 04.07.2021 | 36587 |
| 11.11.2021 | 11290 |
| 12.01.2021 | 21185 |
| ആകെ | 120370 |

2) 9/20-21 27.03.2021- 173071/- രൂപയുടെ ബില്ലിൽ 75000/-രൂപ, 14494/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

| തീയതി | ലഭ്യമായ മരുന്നിന്റെ വിശദാംശം |
|---|---|
| 02.07.2021 | 22435 |
| 02.07.2021 | 22020 |
| 02.07.2021 | 5449 |
| 05.08.2021 | 4645 |
| 05.11.2021 | 681 |
| 19.02.2022 | 5276 |
| ആകെ | 60506 |

33601/- രൂപയ്ക്ക് മരുന്ന് ലഭിച്ചതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39 ന് 33601/- രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-38 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0086/21 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 600000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 600000 |
| ബിൽ നമ്പർ | 210/07.11.2020 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ആയുർവേദ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹ 600000/- ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | തുക |
|---|---|
| 90190544/30-11-2020 | 70196 |
| 90193968/31-12-2020 | 260504 |
| 90218201/28-07-2021 | 19796 |
| 90214392/29-06-2021 | 4306 |
| 90209601/31-05-2021 | 10760 |
| 90204306/26-03-2021 | 12520 |
| 9019678/29-01-2021 | 176557 |
| 90200522/27-02-2021 | 14376 |
| ആകെ | 569015 |

30985/- രൂപയുടെ (₹600000- ₹569015) മരുന്ന് ലഭിച്ചതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-39 ക്ഷീരസമൃദ്ധി-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO131 |
| പേര് | ക്ഷീരസമൃദ്ധി -ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | വികസനഫണ്ട് - 600000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 600000<br>ജില്ലാപഞ്ചായത്ത് വിഹിതം-600000 |
| ചെലവ് | ബിൽ നം.8/6.2.21-38844<br>9/19.3.21-31374<br>10/19.3.21-15630<br>11/19.3.21-23793<br>12/19.3.21-54771<br>13/19.3.21-23064<br>14/19.3.21-55122<br>15/19.3.21-77481<br>16/19.3.21-636 |

| | |
|---|---|
| | 17/19.3.21-1902<br>18/19.3.21-5586<br>19/19.3.21-4023<br>20/21.3.21-77559 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് സംസ്ഥാന വിഹിതം ഉൾപ്പെടെ 4 രൂപ നിരക്കിൽ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്. ആനുകൂല്യം ലഭിച്ച ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ പാൽ അളന്നതിന്റെ അളവ് സാക്ഷ്യപ്പെടുത്തിയ ക്ഷീരസംഘങ്ങളുടെ സ്റ്റേറ്റ്മെന്റ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല( ബിൽ നം. 8 നോടൊപ്പം മാത്രം മുഴുവിള ക്ഷീരോല്പാദകസംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്). മേൽ രേഖയുടെ അഭാവത്തിൽ അർഹരായ ഗുണഭോക്താക്കൾക്കാണോ ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യം ലഭിച്ച ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ പാൽ അളന്നതിന്റെ അളവ് സാക്ഷ്യപ്പെടുത്തിയ ക്ഷീരസംഘങ്ങളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

## 1-40 ദുരിതാശ്വാസ നിധി രൂപീകരണം-സർക്കാർനിർദ്ദേശം പാലിച്ചില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പരിശോധനയിൽ അപ്രകാരം ഒരു അക്കൌണ്ട് ഉള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം പഞ്ചായത്തിന് ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

## 1-41 ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന – ലാബ് റിപ്പോർട്ട് ലഭ്യമല്ല

22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശപ്രകാരം 2020-21 കാലയളവിൽ സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ച തീയതി, ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം ലഭിച്ച തീയതി എന്നിവയുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 40 ന് 2020-21 വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്നും എന്നാൽ 2022 വർഷത്തെ സാമ്പിൾ പരിശോധനാഫലം ലഭിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിച്ച് ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതാണ്.

## 1-42 റോഡ് കണക്റ്റിവിറ്റി പ്ലാൻ, മാപ്പ് എന്നിവ പൂർണ്ണമല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. ഇത്

സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7 ന് ലഭ്യമാക്കിയ മറുപടിയിൽ ആർടാക്ക് വഴി ഫേസ് ഒന്നിൽ വിവരശേഖരണം നടത്തിയിട്ടുണ്ടെന്നും ഫേസ് 2, ഫേസ് 3 എന്നിവ കഴിയുന്നതോടെ മാത്രമേ അവ പൂർണ്ണമാകുകയുള്ളുവെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-43 ഐകെഎം വിഹിതം അടവാക്കിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - 1,00,900 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഐകെഎം വിഹിതം അടവാക്കൽ |
| പദ്ധതി നമ്പർ | 02/21 |
| പദ്ധതി അടങ്കൽ | 1,00,900 (വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 1,00,900 (വികസന ഫണ്ട് പൊതു വിഭാഗം) |
| ബിൽ നം./തീയതി | 03/02.06.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഐകെഎം പ്രവർത്തനങ്ങൾക്കുള്ള പഞ്ചായത്ത് വിഹിതമായി 2020-21 വർഷം 1,00,900/- രൂപ ഐകെഎം ന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/07.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുക ലഭിച്ചതായുള്ള ഐകെഎം ൽ നിന്നുള്ള കത്ത് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് ഐകെഎം നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തൽ - അനുവദിച്ച 1,00,000 രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തൽ |
| പദ്ധതി നമ്പർ | 185/21 |
| പദ്ധതി അടങ്കൽ | 1,00,000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 1,00,000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി | 38/15.03.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,00,000/- രൂപ ശുചിത്വ മിഷന്റെ തിരുവനന്തപുരം ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിൽ അനുവദിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/07.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-45 സെർവർ ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എഎംസി തുക പൂർണമായും സ്ഥാപനത്തിന് നൽകിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സെർവർ ഫോട്ടോകോപ്പിയർ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എഎംസി |
| പദ്ധതി നമ്പർ | 30/21 |
| പദ്ധതി അടങ്കൽ | 75000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 75000 (തനത് ഫണ്ട്) |
| ചെക്ക് നം./തീയതി | 080828/08.02.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സെർവർ ഫോട്ടോകോപ്പിയർ, യു.പി.എസ്, കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ എഎംസി സർക്കാർ സ്ഥാപനമായ കെൽട്രോണിനാണ് നൽകിയിട്ടുള്ളത്. 14.01.21ലെ CSG/08601/20-21 നം. ടാക്സ് ഇൻവോയിസ് പ്രകാരം ആകെ 89916/- രൂപയാണ് എഎംസി തുകയായി കെൽട്രോൺ ആവശ്യപ്പെട്ടിരിക്കുന്നത്. കെൽട്രോണുമായി കരാർ വെച്ചിരിക്കുന്നതും ടി തുകയ്ക്കാണ് (കരാർ കാലാവധി 14.10.20 മുതൽ 13.10.21 വരെ). എന്നാൽ പ്രോജക്ട് അടങ്കൽ തുക 75000/- ആയതിനാൽ ടി തുക മാത്രമാണ് കെൽട്രോണിന് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 14916/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും തുക അനുവദിക്കുന്നതിനായി പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/08.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബാക്കി തുകയായ 14916/- രൂപ കെൽട്രോണിന് നൽകിയിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു. കരാർ പ്രകാരമുള്ള തുക കരാർ കാലാവധി അവസാനിച്ചതിനു ശേഷവും സ്ഥാപനത്തിന് അനുവദിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-46 കേരള വാട്ടർ അതോറിറ്റിയുടെ ഡെപ്പോസിറ്റ് വർക്കുകളുടെ നടത്തിപ്പിൽ അപാകത – 9,80,000 രൂപ തടസ്സപ്പെടുത്തുന്നു

1.

| | |
|---|---|
| പദ്ധതിയുടെ പേര് | വെള്ളംകുടി വാർഡ് കെഡബ്ല്യൂഎ ലൈൻ ദീർഘിപ്പിക്കലും കുടിവെള്ള കണക്ഷൻ നൽകലും |
| പദ്ധതി നമ്പർ | 133/21 |
| പദ്ധതി അടങ്കൽ | 21,00,000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 21,00,000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി | 10/18.08.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ |
| പദ്ധതി നമ്പർ | 182/21 |
| പദ്ധതി അടങ്കൽ | 9,80,000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 9,80,000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി | 21/10.11.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

1. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി 29.01.2018 ലെ ഖണ്ഡിക11.2 (ഡി) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് KWA യുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ(സാധാ) നം. 1817/2020/ ത.സ്വ.ഭ.വ തീയതി 4.10.2020 നം. ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് പുതുതായി ഏൽപിക്കുന്ന പ്രവൃത്തികൾക്ക് 5% മുതൽ 8% വരെ സെന്റേജ് ചാർജ്ജ് മാത്രമാണ് അനുവദനീയം. എന്നാൽ മേൽ കുടിവെള്ള പദ്ധതികളിൽ 10% സെന്റേജ് ചാർജ്ജ് ഈടാക്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | പ്രവൃത്തിയുടെ ആകെ തുക | സെന്റേജ് ചാർജ്ജിനത്തിൽ ഈടാക്കിയ |
|---|---|---|---|---|

| | | | | തുക(10%) |
|---|---|---|---|---|
| 1 | 133/21 | വെള്ളംകടി വാർഡ് കെഡബ്ല്യൂഎ ലൈൻ ദീർഘിപ്പിക്കലും കുടിവെള്ള കണക്ഷൻ നൽകലും | 1720760.47 | 172076.05 |
| 2 | 182/21 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 803056.02 | 80305.60 |

3. 182/21 നം. സ്പിൽ ഓവർ പ്രോജക്ടിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/09.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ പ്രോജക്ടുകൾക്കായി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുന്നോടിയായി കരാർ വെച്ചിട്ടില്ല എന്നും 182/21 നം. പ്രോജക്ട് പൂർത്തിയായിട്ടില്ലാത്തതിനാൽ പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ക്രമ നം.2 പ്രകാരം അറിയിച്ച സെന്റേജ് ചാർജ്ജ് സംബന്ധിച്ച അപാകതയ്ക്ക് മറുപടി നൽകിയിട്ടില്ല. ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 182/21 നം. പ്രോജക്ടിന്റെ ചെലവ് തുകയായ 9,80,000 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. ഡെപ്പോസിറ്റ് വർക്ക് സമയബന്ധിതമായി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-47 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക - അവ്യക്തത

| | |
|---|---|
| പദ്ധതിയുടെ പേര് | പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കൽ |
| പദ്ധതി നമ്പർ | 18/21 |
| പദ്ധതി അടങ്കൽ | 3,75,311 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>1,36,250 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 3,74,067 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>1,24,689 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ 17 വാർഡുകളിലെ 95 പൊതു ടാപ്പുകളുടെ 2020-21 വർഷത്തെ വെള്ളക്കരം അടവാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 04/20 ലെ ബില്ലിൽ 31.03.20 ലെ നീക്കിയിരിപ്പ് എന്ന ഇനത്തിൽ 38590/- രൂപയും പിഴയായി 757/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ തുടർന്നുള്ള മാസങ്ങളിലെ ബില്ലിലും പ്രസ്തുത കുടിശ്ശിക തുക പലിശ സഹിതം വർധിച്ച് വരുന്നതായി കാണുന്നു. എന്നാൽ പ്രസ്തുത കുടിശ്ശിക തുക ഒടുക്കാതെ തന്നെയാണ് ഓരോ മാസത്തേയും വെള്ളക്കരം അടവാക്കിയിട്ടുള്ളത്. അതു കൊണ്ട് തന്നെ 04/21 ലെ ബില്ലിലും 31.03.21 ലെ നീക്കിയിരിപ്പായി 55056/- രൂപയും (പലിശ ഉൾപ്പെടെ) പിഴയായി 1066/- രൂപയും ഉൾപ്പെടുന്നു. 04/20 മുതൽ നിലനിൽക്കുന്ന ടി തുകയുടെ വിശദാംശങ്ങളും 2020-21 വർഷം പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/13.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വെള്ളക്കരം ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസിൽ നീക്കിയിരിപ്പ് ഇനത്തിൽ കാണിക്കുന്ന തുക സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയോട് അന്വേഷിച്ചിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും കോവിഡ് സാഹചര്യവും ജോലി തിരക്കും കാരണം സംയുക്ത പരിശോധന നടത്താൻ സാധിച്ചിട്ടില്ലെന്നും അതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന എത്രയും വേഗം നടത്തേണ്ടതും കുടിശ്ശിക സംബന്ധിച്ച അവ്യക്തത പരിഹരിക്കേണ്ടതുമാണ്.

## 1-48 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ഇലക്ട്രീഷ്യന്റെ വേതനവും മറ്റ് അലവൻസും |
| പദ്ധതി നമ്പർ | 36/21 |
| പദ്ധതി അടങ്കൽ | 4,00,000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 2,02,629 (തനത് ഫണ്ട്) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് തുക (ഒരു പോസ്റ്റ് റിപ്പയറിംഗിന് 79 രൂപ നിരക്കിൽ) ക്വാട്ട് ചെയ്ത ശ്രീ.നാസർ.എ, മണലുവിളാകത്ത് വീട് എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചുകൊണ്ടും കരാർ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും 15.02.21 ലെ കമ്മിറ്റി 1/2 നം.പ്രകാരം തീരുമാനമെടുത്തിരുന്നു. അതു പ്രകാരം ടിയാളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ 07.11.2017 ലെ സർക്കാർ സർക്കുലർ നം.177/ഡി.എ3/2016 തസ്വഭവ, ക്രമ നം. 4 പ്രകാരം കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയുമായി ധാരണ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷ്വറൻസ് രേഖയും ഹാജരാക്കേണ്ടതുമാണ്. എന്നാൽ ഇൻഷ്വറൻസ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 55/14.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇൻഷ്വറൻസ് രേഖകൾ ഉള്ളടക്കം ചെയ്യുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ മേൽ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-49 രണ്ട് കെട്ടിടങ്ങൾക്ക് ഒരേ കെട്ടിട നമ്പർ

2020-21 വർഷം വിഇഒ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പ്രോജക്ടുകളായ 180/21- ലക്ഷം വീട് പുനരുദ്ധാരണം (ജനറൽ), 181/21-ലക്ഷം വീട് പുനരുദ്ധാരണം (എസ്.സി.പി) എന്നിവയുടെ ഫയലുകൾ, ബന്ധപ്പെട്ട അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ 2 പ്രോജക്ടുകളിലെയും ഓരോ അപേക്ഷകർ സമർപ്പിച്ച രേഖകളിൽ പൊരുത്തക്കേടുകൾ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

2 പ്രോജക്ടുകളിലും ഉൾപ്പെട്ട അപേക്ഷകർ രണ്ടു പേരാണെങ്കിലും (ജനറൽ അപേക്ഷക ഗിരിജബെൻ വിശ്വകർമ്മ, എസ്.സി.പി അപേക്ഷക-ഗിരിജ) 2 അപേക്ഷകളോടൊപ്പവും ലഭ്യമാക്കിയിട്ടുള്ള വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, കാലപഴക്കം സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ഗിരിജയുടെ പേരിലുള്ള വാർഡ് 8 ലെ 76 -ാംനം.കെട്ടിടം (പഴയത് വാർഡ് 6 ലെ 143 -ാംനം. കെട്ടിടം) ത്തിന്റെ തന്നെയാണ്. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധനയിലും 8/76 എന്നുള്ളത് ഗിരിജ എന്നയാളിന്റെ പേരിലുള്ളതാണ് എന്നു കാണുന്നു. രണ്ടു അപേക്ഷകർ സമർപ്പിച്ച സർട്ടിഫിക്കറ്റിലും കാണുന്ന കെട്ടിടത്തിന്റെ യഥാർത്ഥ ഉടമസ്ഥാവകാശം ഏത് ഗിരിജയ്ക്കാണെന്നത് സംബന്ധിച്ച് വ്യക്തത നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ലക്ഷം വീട് കോളനിയിൽ 15.06.22 ന് നടത്തിയ ഫീൽഡ് പരിശോധനയിൽ രണ്ട് കെട്ടിടങ്ങൾ നിലവിൽ ഉള്ളതായും അവയ്ക്ക് ആനുകൂല്യം നൽകിയിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളിൽ കെട്ടിട നം. രേഖപ്പെടുത്തിയിട്ടില്ല. രണ്ടു കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ഒരേ കെട്ടിട നം. അനുവദിച്ചതാണെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 66/15.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രണ്ട് കെട്ടിടങ്ങൾക്കും ഒരേ കെട്ടിട നം. അനുവദിച്ചതിനും സഞ്ചയയിൽ രണ്ടു കെട്ടിടങ്ങളും അസസ് ചെയ്യാത്തതിനുമുള്ള കാരണം വ്യക്തമാക്കേണ്ടതും ഈ വിഷയത്തിലെ അവ്യക്ത പരിഹരിക്കേണ്ടതുമാണ്.

## 1-50 പിവിസി വാട്ടർ ടാങ്ക് വാങ്ങുന്നതിനുള്ള ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പിവിസി വാട്ടർ ടാങ്ക് വാങ്ങി നൽകൽ (പട്ടികജാതി വനിത) |
| പദ്ധതി നമ്പർ | 141/21 |
| പദ്ധതി അടങ്കൽ | 81,420 (വികസന ഫണ്ട് എസ്‌സിപി)<br>95300 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 70,290 (വികസന ഫണ്ട് എസ്‌സിപി) |
| ബിൽ നം./തീയതി | 02/17.04.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ തിരഞ്ഞെടുത്ത M/s Arun Polymers എന്ന സ്ഥാപനത്തിൽ നിന്നുമാണ് പട്ടികജാതി വനിതകൾക്ക് വിതരണം ചെയ്യുന്നതിനായി 33 എണ്ണം പിവിസി വാട്ടർ ടാങ്ക് വാങ്ങിയിട്ടുള്ളത്. സ്ഥാപനം ലഭ്യമാക്കിയ ബിൽ പ്രകാരം ആകെ തുക 93720/- രൂപ ആണ്. എന്നാൽ 2020-21 വർഷം 93720/- രൂപയിൽ 70290/- രൂപ വികസന ഫണ്ട് മാത്രമാണ് ചെലവഴിച്ചത്. ബാക്കി 23430/- രൂപ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല. 70290/- രൂപ യഥാസമയം സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ 2019-20 ൽ ഗുണഭോക്താക്കളിൽ നിന്നും കളക്ട് ചെയ്ത 23430/- രൂപ M/s Arun Polymers എന്ന സ്ഥാപനത്തിന് അനുവദിച്ചതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ഇല്ല. കൂടാതെ ചെലവ് പത്രികയിലും പ്രസ്തുത ചെലവ് കാണുന്നില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതമായ 23430/- രൂപ

സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/13.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്തൃ വിഹിതം ലഭിക്കുന്നതിനു വേണ്ടി M/s Arun Polymers എന്ന സ്ഥാപനം ആവശ്യപ്പെടാത്തതുകൊണ്ടാണ് തുക നൽകാത്തതെന്നും ടി തുക തനത് ഫണ്ടിൽ നിക്ഷേപമായി സൂക്ഷിച്ചു വരുന്നതായും അറിയിച്ചിരിക്കുന്നു. ടി തുക എത്രയും വേഗം ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-51 മുതുവിള ലൈബ്രറികളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 130/21 |
| പ്രോജക്ടിന്റെ പേര് | കല്ലറ ഗ്രാമപഞ്ചായത്തിലെ കല്ലറ മുതുവിള ലൈബ്രറികളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 213750 (മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>36250 (തനത് ഫണ്ട്) |
| ചെലവ് | 101226 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നം./തീയതി | 7/30.03.21 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം അലമാര, മേശ, കസേര എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് വെച്ചിട്ടുള്ളത്. എന്നാൽ 2 അലമാരയും 14 റാക്കുകളുമാണ് മേൽ പ്രോജക്ട് പ്രകാരം സർക്കാർ സ്ഥാപനമായ സിഡ്കോയിൽ നിന്നും ആകെ 101226 രൂപയ്ക്ക് പർച്ചേസ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രോജക്ടിൽ ഉൾപ്പെടുത്താത്ത ഇനമായ റാക്ക് വാങ്ങുന്നതിനുള്ള അനുമതി/വാങ്ങിയതിനുള്ള സാധൂകരണം എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/14.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം റാക്കുകൾ മതിയെന്ന ലൈബ്രറികളുടെ അഭിപ്രായം പരിഗണിച്ച് പഞ്ചായത്ത് അധികൃതരുമായി ആലോചിച്ചാണ് പർച്ചേസ് നടത്തിയതെന്നും അനുമതി രേഖാമൂലം വാങ്ങി വെയ്ക്കാത്തത് പിഴവ് ആണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ അറിയിച്ചിരിക്കുന്നു. ഭാവിയിൽ പർച്ചേസ് പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അംഗീകാരം ലഭിച്ചിട്ടുള്ള സാധനങ്ങൾ മാത്രം പർച്ചേസ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതും അനുമതിയില്ലാത്ത സാധനങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ ആയതിന് സാധൂകരണം വാങ്ങേണ്ടതുമാണ്. ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രൊക്യൂർമെന്റ് കമ്മിറ്റിയും പർച്ചേസുമായി ബന്ധപ്പെട്ട തീരുമാനങ്ങളും അനുമതിയും യഥാസമയം അവലോകനം നടത്തേണ്ടതാണ്.

## 1-52 പ്ലസ് വൺ തുല്യതാ പഠനം - പരീക്ഷയെഴുതിയതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 160/21 |
| പ്രോജക്ടിന്റെ പേര് | പ്ലസ് ഒന്ന് തുല്യതാ പഠനം പഠിതാക്കൾക്ക് ഫീസ് നൽകൽ |
| അടങ്കൽ | 62500 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 62500 (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി | 2/20.04.20 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

പ്ലസ് ഒന്ന് തുല്യതാ പഠനം പഠിതാക്കൾക്കുള്ള ഫീസ് ഇനത്തിൽ 25 കുട്ടികൾക്ക് 2500/- രൂപ നിരക്കിൽ (രജിസ്ട്രേഷൻ ഫീസ് - 100, അഡ്മിഷൻ ഫീസ് - 200, കോഴ്സ് ഫീസ് - 2200) ആകെ 62500/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ എടുത്ത 25 പേരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ കോഴ്സ് പഠനം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആധാരമായ ബന്ധപ്പെട്ട പരീക്ഷാഹാൾടിക്കറ്റുകളുടെ പകർപ്പുകൾ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 54/14.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഹാൾടിക്കറ്റുകളുടെ പകർപ്പുകൾ നൽകണമെന്ന് പ്രേരക് മാരോടും ആവശ്യപ്പെട്ടെങ്കിലും ആയത് ലഭിച്ചിട്ടില്ലെന്നും കിട്ടുന്ന മുറയ്ക്ക് ഹാജരാക്കിക്കൊള്ളാമെന്നും അറിയിച്ചിരിക്കുന്നു. പ്രോജക്ട് സംബന്ധിച്ച എല്ലാ രേഖകളും ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 വെറ്ററിനറി ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 176/21 |
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 100000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 62498 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നം./തീയതി | 1/17.04.20 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

വെറ്ററിനറി ആശുപത്രിയിലേയ്ക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 22895/- രൂപ സംസ്ഥാന ഐ.റ്റി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ സാധനം സപ്ലൈ ചെയ്ത Lenovo എന്ന സ്ഥാപനത്തിന്റെ 30.09.20 ലെ ടാക്സ് ഇൻവോയിസ് പ്രകാരം ലാപ്ടോപ്പ്, ബാഗ്, മൗസ് എന്നിവയുള്ള ആകെ വില 21830/- രൂപയാണ്. പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ അധികമായി ഒടുക്കിയിട്ടുള്ള 1065/- രൂപ തിരികെ ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 37/13.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-54 കറവപ്പശുക്കൾക്ക് തീറ്റ – അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 251/21 |
| പ്രോജക്ടിന്റെ പേര് | കറവപ്പശുക്കൾക്ക് തീറ്റ |
| അടങ്കൽ | 300000 (വികസന ഫണ്ട്-ജനറൽ)<br>300000 (മറ്റുള്ളവ) |
| ചെലവ് | 157500 (വികസന ഫണ്ട്-ജനറൽ)<br>157500 (മറ്റുള്ളവ) |
| ബിൽ നം./തീയതി | 5/27.07.20 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

ക്ഷീര സംഘങ്ങൾ മുഖേനയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. മുതുവിള, മിതൃമ്മല, കുറുമ്പയം ക്ഷീരസംഘങ്ങളിൽ നിന്നും 200 കിലോഗ്രാം വീതം തീറ്റ ലഭിച്ചിട്ടുള്ള ക്ഷീരകർഷകരുടെ കൈപ്പറ്റ് വിവരത്തിന്റെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഫയലിൽ ഉള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നും 157500രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ കർഷകരുടെ അപേക്ഷകളോ, ബന്ധപ്പെട്ട രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 37/13.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷയും മറ്റ് അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-55 എ.ബി.സി പ്രോഗ്രാമിന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 1,47,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 115/21 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | 147000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 147000 (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ | 07/03.11.20 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് നായ്ക്കളുടെ നിയന്ത്രണമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് നടത്തിപ്പിനായി 147000/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് അനുവദിച്ചിരുന്നു. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

2. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. 07.07.21, 12.07.21 എന്നീ തീയതികളിൽ ആണ് തെരുവ് നായകളെ

പിടികൂടിയത്. മേൽ തീയതികളിൽ പിടികൂടിയ നായകളെ സർജറി കഴിഞ്ഞ് മൂന്നാം ദിവസം തിരിച്ച് കൊണ്ട് വിട്ടതായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ കാണുന്നു. ടി തീയതികളിൽ ആകെ 70 നായ്ക്കൾക്കാണ് സർജറി നടത്തിയിട്ടുള്ളത്. എന്നാൽ ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming എന്നിവ നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല.

3. പ്രോജക്ട് ഫോറം ക്രമ നം. 44 പ്രകാരം നായപിടുത്തം, വന്ധ്യംകരണം, പേവിഷ പ്രതിരോധം എന്നിവ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. ആയത് നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 38/13.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും രേഖകളുടെ അഭാവത്തിലും 1,47,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-56 ലക്ഷം വീട് പുനരുദ്ധാരണം -അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ലക്ഷം വീട് പുനരുദ്ധാരണം (ജനറൽ) |
| പദ്ധതി നമ്പർ | 180/21 |
| പദ്ധതി അടങ്കൽ | 4,00,000 (വികസന ഫണ്ട് ജനറൽ)<br>2,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1,20,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 2,80,000 (വികസന ഫണ്ട് ജനറൽ)<br>1,40,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | ലക്ഷം വീട് പുനരുദ്ധാരണം (എസ്.സി.പി) |
| പദ്ധതി നമ്പർ | 181/21 |
| പദ്ധതി അടങ്കൽ | 2,40,000 (വികസന ഫണ്ട്-എസ്.സി.പി)<br>1,20,000 (ബ്ലോക്ക് വിഹിതം) |
| പദ്ധതി ചെലവ് | 2,40,000 (വികസന ഫണ്ട്-എസ്.സി.പി)<br>1,20,000 (ബ്ലോക്ക് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ |

1. ലക്ഷം വീട് പുനരുദ്ധാരണം സ്പിൽ ഓവർ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഒന്നും എഴുതാത്ത മുദ്രപത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നു.

ബി) എസ്റ്റിമേറ്റ് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി) ചില അപേക്ഷകളിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല.

ഡി) മോണിറ്ററിംഗ് റിപ്പോർട്ടിൽ വിഇഒയുടെ ഒപ്പ് ഇല്ല.

2. ലക്ഷം വീട് പുനരുദ്ധാരണം (ജനറൽ) പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.ബാലകൃഷ്ണൻ ചെട്ടിയാർ, ലക്ഷം വീട്, വെങ്കിട്ടമൂട് എന്ന വ്യക്തി മരണപ്പെട്ടതിനാൽ ടിയാളുടെ ആനുകൂല്യം തുടർന്ന് മകളായ ശ്രീമതി ചിത്ര, ലക്ഷം വീട്, ചെറുവാളം എന്നയാളിന് നൽകിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത നടപടി 11.08.20 ലെ ജനറൽ കമ്മിറ്റി 5(21)-ാംനം. തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ശ്രീ.ബാലകൃഷ്ണൻ ചെട്ടിയാരുമായാണ് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരിക്കുന്നത് (കരാറിൽ ഒപ്പു മാത്രമാണ് ഉള്ളത്. രേഖപ്പെടുത്തലുകൾ ഇല്ല). ശ്രീമതി ചിത്രയെ തിരഞ്ഞെടുത്തത് ഗ്രാമസഭയിൽ വെച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോയെന്നും ടിയാളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/13.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ശ്രീമതി ചിത്രയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്നും പൊതുവായ അപാകതകൾ ഇനി ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ഗുണഭോക്താക്കളുമായി യഥാസമയം കരാറിൽ ഏർപ്പെടുന്നതിനും അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-57 ലൈഫ് ഭവന നിർമ്മാണം-പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ലൈഫ് ഭവന നിർമ്മാണ പദ്ധതികളുടെ പ്രോജക്ട് ഫയലുകൾ, പ്രോജക്ട് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2018-19, 2019-20 വർഷങ്ങളിൽ കരാർ വെച്ച് പണി ആരംഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം

നാളിതുവരെ പൂർത്തിയായതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,വിലാസം | കരാറിൽ ഒപ്പ് വെച്ച തീയതി | നാളിതുവരെ അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീലാൽ/ഷീജ.ജി, ഷിബു ഭവൻ, വെള്ളംകുടി | 18.01.19 | 40,000 |
| 2 | സിന്ധു.എ, കിഴക്കുംകര പുത്തൻ വീട്, പനച്ചമൂട് | 20.03.19 | 3,60,000 |
| 3 | ഗോപി/ഗിരിജ, ചരുവിള വീട്, മുണ്ടോണിക്കര | 19.10.19 | 2,75,000 |
| 4 | ഉഷാകുമാരി, ആര്യാഭവൻ, പെരുമ്പേലി | 06.07.18 | 3,60,000 |
| 5 | ഉഷാകുമാരി.എം, കല്ലുവരമ്പിൽ വീട്, മുരുവിള | 07.07.18 | 3,60,000 |
| 6 | രമണി, ശരണ്യ ഭവൻ, കോണത്തുമുക്ക് | 07.07.18 | 3,70,000 |
| 7 | പത്മജ രോഹിണി, കുന്നംപുറത്ത് വീട്, കൈതോട് | 12.08.18 | 3,80,000 |
| 8 | ഓമന, ചരുവിള വീട്, കുറുമ്പയം | 08.07.18 | 2,60,000 |
| 9 | അമ്മിണി, ത്രിവേണി ഭവൻ, ഉണ്ണിമുക്ക് | - | 3,60,000 |
| 10 | അമ്പിളി കുമാരി, ചരുവിള പുത്തൻവീട്, വാട്ടറ | - | 3,60,000 |

മേൽ വ്യക്തികളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 64/15.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് വിവരം ലഭ്യമാക്കിയിട്ടുണ്ട്. അതു പ്രകാരം 2018-19 ൽ തുക കൈപ്പറ്റിയതും എന്നാൽ നാളിതുവരെ പണി ആരംഭിച്ചിട്ടില്ലാത്തതും നോട്ടീസ് നൽകിയിട്ടുള്ളതുമായ പട്ടികയിലെ ക്രമ നം.1,2 എന്നീ ഗുണഭോക്താക്കളിൽ നിന്നും അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രോജക്ട് രജിസ്റ്റർ പ്രകാരം ആകെ 3,60,000/- രൂപ നൽകിയിട്ടുള്ള സിന്ധു.എ, കിഴക്കുംകര പുത്തൻ വീട്, പനച്ചമൂട് എന്നയാളിന്റെ (ക്രമ നം.2) വീടിന്റെ പണി ഇതു വരെ ആരംഭിച്ചിട്ടില്ലായെന്നാണ് മറുപടി നൽകിയിരിക്കുന്നത്. വീട് പണിയുടെ വിവിധ സ്റ്റേജുകളുടെ പരിശോധനകൾ നടത്താതെയാണോ ടി വ്യക്തിയ്ക്ക് തുക അനുവദിച്ചത് എന്ന് പരിശോധിക്കേണ്ടതും നാളിതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത ആളിന് ഇത്രയും വലിയ തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-58 വിഇഒ യുടെ പ്രോജക്ട് നടപടിക്രമങ്ങളിലെ അപാകതകൾ

വിഇഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ നടപടിക്രമങ്ങളിലെ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | അപാകതകൾ |
|---|---|---|---|
| 1 | വീട് വാസയോഗ്യമാക്കൽ എസ്.സി.പി, 151/21 | 3,75,000 | ചില അപേക്ഷകളിൽ ഉടമസ്ഥൻ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടിൽ വിഇഒ യുടെ ഒപ്പ് ഇല്ല, വീട് നിർമ്മാണത്തിന്റെ പുരോഗതി രേഖപ്പെടുത്തിയിട്ടില്ല.(ഉദാ.സുനിത, തടത്തരികത്ത് വീട്) |
| 2 | വീട് വാസയോഗ്യമാക്കൽ, 140/21 | 1,50,000 | ഉടമസ്ഥൻ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടിൽ വിഇഒ യുടെ ഒപ്പ് ഇല്ല, വീട് നിർമ്മാണത്തിന്റെ പുരോഗതി രേഖപ്പെടുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടില്ല. |
| 3 | പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം (നിർമ്മാണ പ്രവൃത്തികൾ), 281/21 | 8,35,000 | മോണിറ്ററിംഗ് റിപ്പോർട്ടിൽ വിഇഒയുടെ ഒപ്പ് ഇല്ല, വീട് നിർമ്മാണത്തിന്റെ പുരോഗതി രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ഗാർഹിക കക്കൂസുകളുടെ അറ്റകുറ്റപ്പണി, 195/21 | 27,720 | മോണിറ്ററിംഗ് റിപ്പോർട്ടിൽ വിഇഒയുടെ ഒപ്പ് ഇല്ല. ചില അപേക്ഷകളിൽ കൈവശാവകാശ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. |
| 5 | ടോയ്‌ലറ്റ് ഇല്ലാത്തവർക്ക് ഗാർഹിക ടോയ്‌ലറ്റ് നിർമ്മാണം, 250/21 | 3,15,000 | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർമ്മാണത്തിന്റെ പുരോഗതി രേഖപ്പെടുത്തിയിട്ടില്ല. ചില അപേക്ഷകളിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല (ഉദാ-ചെല്ലമ്മ, കുന്നംപുറത്ത് വീട്, മുതുവിള). |
| 6 | ലൈഫ് ഭവന നിർമ്മാണം എസ്.സി.പി, 83/21 | 10,05,793 | സുലേഖ പ്രകാരമുള്ള അടങ്കൽ 24,00,000/- രൂപയും പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം അടങ്കൽ 16,00,000/- രൂപയുമാണ്. |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 63/15.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ അപാകതകൾ ഇനി ഉണ്ടാകാതെ ശ്രദ്ധിച്ചുകൊള്ളാമെന്ന് അറിയിച്ചിരിക്കുന്നു. നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 131, ക്ഷീരസമൃദ്ധി (ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി) | 77559 | 77559 | 0 |
| | 172, ഹരിതഭവനം | 168000 | 168000 | 0 |
| | 75, സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 99750 | 99750 | 0 |
| | 260, സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 72000 | 72000 | 0 |
| | 78, ലൈഫ് ഭവനപദ്ധതി (ജനറൽ) | 1257090 | 1257090 | 0 |
| | 89, ലക്ഷം വീട് നവീകരണം (അധിക വിഹിതം നൽകൽ) | 280000 | 280000 | 0 |
| | 98, ലക്ഷം വീട് കോളനി നവീകരണം എസ് സി പി (അധിക വിഹിതം നൽകൽ) | 80000 | 80000 | 0 |
| ആകെ | | 2034399 | 2034399 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 131, ക്ഷീരസമൃദ്ധി (ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി) | 38844 | 38844 | 0 |
| | 171, ക്ഷീരസമൃദ്ധി (ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി) | 198549 | 198549 | 0 |
| | 75, സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 99750 | 99750 | 0 |

| | | | | |
|---|---|---|---|---|
| | 260, സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 72000 | 72000 | 0 |
| | 282, ലൈഫ് (എസ്സിഅഡീഷണൽ ലിസ്റ്റ് ഭൂമിയുള്ള ഭവനരഹിതർ) ബ്ലോക്ക് വിഹിതം | 640000 | 640000 | 0 |
| | 98, ലക്ഷം വീട് കോളനി നവീകരണം എസ് സി പി (അധിക വിഹിതം നൽകൽ) | 40000 | 40000 | 0 |
| | 181, ലക്ഷംവീട് പുനരുദ്ധാരണം (എസ്.സി.പി) | 120000 | 120000 | 0 |
| | 180, ലക്ഷംവീട് പുനരുദ്ധാരണം (ജനറൽ) | 140000 | 140000 | 0 |
| | 89, ലക്ഷം വീട് നവീകരണം (അധിക വിഹിതം നൽകൽ) | 140000 | 140000 | 0 |
| | 136, വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ | 20000 | 20000 | 0 |
| ആകെ | | 1509143 | 1509143 | 0 |

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കി യിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 119750 | 2034399 | 2154149 | 2034399 | 119750 | 119750 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 821614 | 1337393 | 2159007 | 1509143 | 649864 | 749614 |
| ആകെ | 941364 | 3371792 | 4313156 | 3543542 | 769614 | 869364 |

ബ്ളോക്ക് പഞ്ചായത്ത് വിഹിതം സംബന്ധിച്ച് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും സുലേഖ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിർക്കുന്ന തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 182, വിവിധവാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 980000 | 0 | 980000 |
| കേരള വാട്ടർ അതോറിറ്റി | 133, വെള്ളംകുടി വാർഡ്- കെഡബ്ല്യുഎ ലൈൻ ദീർഘിപ്പിക്കലും കുടിവെള്ള കണക്ഷൻ നൽകലും | 2100000 | 0 | 2100000 |
| കെ.എസ്.ഇ.ബി | 31, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 91167 | 0 | 91167 |

| | 19-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം (RP 47 Payment) | ആകെ | ചെലവ് | നീക്കിയിരിപ്പ് | 20-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 40149 | - | 40149 | - | 40149 | 40149 |
| കേരള വാട്ടർ അതോറിറ്റി | 3839391 | 3080000 | 6919391 | - | 6919391 | 6919391 |
| PWD | 4668884 | - | 4668884 | - | 4668884 | 4668884 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| HUDCO ലോൺ | 48754726 | 9820000 | 58614726 | 5094980 | *53519746 |

*A F S പ്രകാരമുള്ള നീക്കിയിരിപ്പ് തുക 51828570/- യുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | മാട്ടിറച്ചി വ്യാപാരം ലേലകുടിശികയിനത്തിൽ ഈടാക്കാൻ 4,33,334/- രൂപ ബാക്കി | റവന്യൂ റിക്കവറി |

## 4-8 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,87,53,663 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,39,69,292 |
| ആകെ | 12,27,22,955 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,11,63,859 |
| നീക്കിയിരിപ്പ് | 2,15,59,096 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,57,940 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 20,47,532 | എ.ആർ. രമാകുമാരി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 4,82,508 | എ.ആർ രമാകുമാരി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-43 | 1,00,900 | ശ്രീമതി ജയന്തി.എസ്., സെക്രട്ടറി |
| 1-44 | 1,00,000 | ശ്രീ. പ്രദീപ്. എസ്. സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-46 | 9,80,000 | ശ്രീ. നൈസാം. എസ്, സെക്രട്ടറി |
| 1-55 | 1,47,000 | ഡോ. ദീലീപ് ചന്ദ്രൻ, വെറ്ററിനറി സർജൻ |
| ആകെ | 38,57,940 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി എ.ആർ രമാകുമാരി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | കൃഷ്ണകൃപ, സുവർണ്ണ നഗർ, കുളപ്പട പി.ഒ, ആര്യനാട് |
| ശ്രീ. പ്രദീപ്. എസ്, സെക്രട്ടറി ഇൻ ചാർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി | സരോവരം, മരുതമൺ, കല്ലറ പി.ഒ |
| ശ്രീമതി ജയന്തി , സെക്രട്ടറി | സെക്രട്ടറി | അനാമിക ഗ്രീൻവാലി, കരകുളം. പി.ഒ. |
| ശ്രീ. നൈസാം. എസ്, സെക്രട്ടറി | സെക്രട്ടറി | നൂർമഹാൽ, അഞ്ചുപുര ലൈൻ, പെരിങ്ങമ്മല പി.ഒ |
| ഡോ. ദീലീപ് ചന്ദ്രൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വിശാഖ്, ടി,സി 26/746, ഊറ്റുകുഴി , തിരുവനന്തപുരം-1 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 6 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 17 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 23 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 2 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 6 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 12 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2075/2017 തീയതി 10.07.2018 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2109/2017 തീയതി 30.08..2018 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/157/ 2019തീയതി 27.04.2019 | 39 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/198/ 2020 തീയതി 02.06.2020 | 47 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി 10/362/2022 തീയതി 23.3.2022 | 64 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്